# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം2)329/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 11/05/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പിറവം മുനിസിപ്പാലിറ്റി

സർ,

വിഷയം : പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം2)329/2023 തീയ്യതി: 11/05/2023

## എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ.ജി. | ജോയിന്റ് ഡയറക്ടർ | 03-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ധീരജ് ജെ., ഓഡിറ്റ് ഓഫീസർ
റഷീദ് സി.എം., അസി. ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഏലിയാമ്മ ഫിലിപ്പ് | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ കൃഷ്ണരാജ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജയൻ | സീനിയർ വെറ്ററിനറി സർജൻ, പിറവം | 01-04-2021 | 31-03-2022 |
| ഡോ. ക്ലയർ സിറിൽ | വെറ്ററിനറി സർജൻ മുളക്കുളം | 01-04-2021 | 31-03-2022 |
| ഡോ. എ വി കുമാരിലൈല | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സുനിൽ ജെ ഇളന്താട് | സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം | 01-04-2021 | 31-03-2022 |
| ശ്രീമതി.ചാന്ദന അശോക് | കൃഷി ഓഫീസർ,പിറവം | 01-04-2021 | 31-03-2022 |
| ശ്രീ മുഹ്സിൻ പി. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി മായാ ശേഖർ | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ, നാമക്കുഴി | 01-04-2021 | 31-03-2022 |
| ശ്രീമതി.ശ്രീദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2021 | 30-11-2021 |
| ശ്രീമതി ആൻസി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീമതി.പ്രിയ പോൾ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഫസീറ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 28-07-2021 |
| ശ്രീമതി.ആശ ബാബു ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 29-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.അഞ്ജു കെ തമ്പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി സജിത ഡി | എസ്.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയ ജോസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 14-06-2021 |
| ഒഴിവ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 15-06-2021 | 22-07-2021 |
| ശ്രീമതി സിജി വർഗ്ഗീസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 23-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷിക ധനകാര്യപത്രികയിലെ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പാരാമെഡിക്കല്‍ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന്‍ | 1-11 |
| 13 | കെട്ടിട നികുതി നിര്‍ണ്ണയത്തിലെ അപാകതകള്‍ | 1-12 |
| 14 | മൊബൈല്‍ ടവറിന്റെ വസ്തു നികുതി കുടിശ്ശിക | 1-13 |
| 15 | വസ്തുനികുതി കുടിശ്ശിക | 1-14 |
| 16 | കെട്ടിട വാടക | 1-15 |
| 17 | തൊഴി**ല്‍** നികുതി | 1-16 |
| 18 | സ്ഥാപന തൊഴി**ല്‍** നികുതി | 1-17 |
| 19 | ഭിന്നശേഷിവിദ്യാ**ര്‍**ത്ഥികള്**‍**ക്കുള്ള പഠനസഹായം /ബത്ത നല്‍ക**ല്‍** – അപാകതകള്‍ | 1-18 |
| 20 | അംഗന്‍വാടി പൂരക പോഷകാഹാര വിതരണം - ചെലവുരേഖകള്‍ ഹാജരാക്കിയില്ല. | 1-19 |
| 21 | പട്ടികജാതി വീടുകള്‍ക്ക് കുടിവെള്ള കണക്ഷന്‍- വിശദാംശങ്ങള്‍ ലഭ്യമാക്കിയില്ല. | 1-20 |
| 22 | പ്രൊഫഷണല്‍ ഫീസ് നല്‍കിയതില്‍ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല | 1-21 |
| 23 | ഡി.സി.സി നിര്‍ത്തലാക്കിയ ശേഷം വാഹനവാടക നല്‍കല്‍ -ചെലവുരേഖകള്‍ ആധികാരികമല്ല | 1-22 |
| 24 | "ടേക്ക് എ ബ്രേക്ക്" പദ്ധതിയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കിയില്ല. | 1-23 |
| 25 | സാമൂഹ്യസുരക്ഷാപെന്‍ഷന്‍ അപാകതകള്‍ | 1-24 |
| 26 | സ്മാ**ര്‍**ട് ഗാ**ര്‍**ബേജ് സിസ്റ്റം - പദ്ധതി പ്രാവര്‍ത്തികമായിട്ടില്ല. | 1-25 |

| | | |
|---|---|---|
| 27 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി- നിർവഹണത്തിൽ ന്യൂനതകൾ. | 1-26 |
| 28 | സുഭിക്ഷ കേരളം - തരിശു നിലത്തിൽ നെൽകൃഷി പദ്ധതി – അധിക തുക നൽകി. | 1-27 |
| 29 | ഡയാലിസിസ് ദൈനംദിന ചെലവുകൾ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-28 |
| 30 | താലൂക്ക് ആശുപത്രിയിലേക്ക് രോഗികൾക്കായുള്ള മരുന്നുവാങ്ങൽ പദ്ധതി നടപ്പാക്കിയിട്ടില്ല - അപാകതകൾ. | 1-29 |
| 31 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ | 1-30 |
| 32 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അനർഹമായ തുക നൽകി - ഇതര അപാകതകൾ | 1-31 |
| 33 | പൊതു ടാപ്പുകളുടെ വെള്ളക്കരം | 1-32 |
| 34 | മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ - അപാകതകൾ | 1-33 |
| 35 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-34 |
| 36 | ഡെപ്പോസിറ്റ് തുകകൾ | 1-35 |
| 37 | പിറവം നഗരസഭാ മന്ദിരനിർമ്മാണം (കോട്ടപ്പുറം) - ഗുരുതരമായ ക്രമക്കേടുകൾ | 1-36 |
| 38 | നഗരസഭാ മന്ദിരം - ഫർണിഷിംഗ് ചെലവുകൾ | 1-37 |
| 39 | സോളിഡ് ബ്ലോക്ക് മേസണറി - നിരക്ക് നൽകൽ അപാകം - 1362/- രൂപ അധികം നൽകി. | 1-38 |
| 40 | ടെണ്ടർ എക്സസ് നൽകൽ - അപാകം - 11220/- രൂപ അധികം നൽകി. | 1-39 |
| 41 | ഷെൽട്ടർ ഹോം നിർമ്മാണം - ഗുരുതര അപാകതകൾ | 1-40 |
| 42 | മണ്ണ് ഫില്ലിംഗ് - നിരക്ക് നൽകൽ അപാകം - 9208/- രൂപ അധികം നൽകി. | 1-41 |
| 43 | എ യു ഇ ജി എസ് - അപാകങ്ങൾ | 1-42 |
| 44 | ഫ്ലഡ് ഷെൽട്ടർ ഹോം - 3280008/- രൂപ നഷ്ടമായി, 308992/- രൂപയുടെ ചെലവ് നിഷ്ക്രിയമായി | 1-43 |
| 45 | പാഴൂർ ആറ്റുതീരം പാർക്ക് വാച്ചർക്ക് അനധികൃതമായി വേതനം നൽകി | 1-44 |
| 46 | ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചില്ല. | 1-45 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അനർഹമായ തുക നൽകി - ഇതര അപാകതകൾ | 3-1 |
| 2 | സോളിഡ് ബ്ലോക്ക് മേസണറി - നിരക്ക് നൽകിയതിലെ അപാകത - 1362/- രൂപ അധികം നൽകി. | 3-2 |

| | | |
|---|---|---|
| 3 | ടെണ്ടർ എക്സസ് നൽകൽ - അപാകത - 11220/- രൂപ അധികം നൽകി. | 3-3 |
| 4 | മണ്ണ് ഫില്ലിംഗ് - നിരക്ക് നൽകൽ അപാകത - 9208/- രൂപ അധികം നൽകി. | 3-4 |
| 5 | സർഫാസി ആക്ട് പ്രകാരം അടച്ചുപൂട്ടിയ കമ്പനിക്ക് നഗരസഭാ മന്ദിരം നിർമ്മാണത്തിനായി തുക അനുവദിച്ചു - നല്കിയ തുക തിരികെ ഈടാക്കണം | 3-5 |
| 6 | ഷെൽട്ടർ ഹോം - നിർമ്മാണത്തിലെ ഗുരുതര അപാകതകൾ | 3-6 |
| 7 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ - വെള്ളക്കരം കുടിശ്ശിക അധികമായി അടവാക്കി | 3-7 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 11.03.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുമായ വരവ്, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3073655 | 30337092 |
| വരവ് | 232513774 | 154614094 |
| ആകെ | 235587429 | 184951186 |
| ചെലവ് | 233931329 | 165090465 |
| നീക്കിയിരിപ്പ് | 1656100 | 19860721 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 29.07.2022 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.നഗരസഭയിലെ വിവിധയിനം ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗം, റവന്യൂ വിഭാഗം എന്നിവ സെക്ഷനുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന രജിസ്റ്റർ മാത്രമാണുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ലാതെ ഡെപ്പോസിറ്റുകളുടെ റീഫണ്ട് ഉൾപ്പടെ നടത്തുന്നത് മൂലം ഈയിനത്തിലുള്ള ചെലവുകളുടെ ആധികാരികത പരിശോധനക്ക് വിധേയമാക്കാനാകാത്ത സാഹചര്യമുണ്ട്.

2.അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നിവയുൾപ്പെടെ മുൻകൂർ നൽകിയ 36,95,830/- രൂപ ക്രമീകരിച്ചിട്ടില്ല.

3.തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീ, വാടക എന്നിവയുടെ കലക്ഷൻ, ഡിമാന്റ്, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല.

4.വസ്തു നികുതി: സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി സി ബി പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5.വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.
6.വികസന ഫണ്ടും (ജനറൽ) എ.സി.ആറും, വാർഷിക ധനകാര്യപത്രികയും തമ്മിൽ 24,000/-രൂപയുടെ വ്യത്യാസമുണ്ട്. സോഫ്റ്റ്‌വെയറുകളുടെ ഓൺലൈൻ സിംഗ്രണൈസേഷനുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളാലാണ് വ്യത്യാസം വന്നിട്ടുള്ളതെന്നാണറിയിച്ചത്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30337092 |
| വരവ് | 154614094 |
| ആകെ | 184951186 |
| ചെലവ് | 165090465 |
| നീക്കിയിരിപ്പ് | 19860721 |

| | |
|---|---|
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 20811763 |
| തടസ്സപ്പെടുത്തിയ തുക | 19160541 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17293133 | 17293133 | 17293133 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6430514 | 6430514 | 64305142 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 17510134 | 1751013 | 13996859 | 0 | 3513275 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 6021752 | 6021752 | 5856034 | 0 | 165718 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic) | 0 | 8461160<br>121437(int) | 8461160 | 7690112 | 0 | 771048 |
| Treasury | | 62723 | | 62723 | | 0 |
| Bank | | 8277000<br>121437(int) | | 7690112 | | 708325 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 16286000 | 16286000 | 11896037 | 0 | 4389963 |
| Treasury | | 12416000 | | 3798932 | 0 | 71068 |
| Bank | | 3870000 | | 8097105 | 4318895 | 0 |
| പ്രത്യേക ആവശ്യ ഗ്രാന്റ് | 283651 | 447 | 284098 | 270000 | 14098 | 0 |
| Special ഗ്രാന്റ് | 20811 | 0 | 2081 | 0 | 20811 | 0 |
| Epidimic Control | 100000 | 1016513 | 1116513 | 116513 | 1000000 | 0 |
| Agri Captial | 505350 | 0 | 505350 | 0 | 505350 | 0 |
| Social Welfare | 984769 | 724264 | 1709033 | 1148000 | 561033 | 0 |
| Other Govt Agencies | 16317369 | 16534602 | 32851971 | 32835637 | 16334 | 0 |
| Other Grants For Specic Purpose | 8088496 | 1218685 | 9307181 | 4225825 | 5081356 | 0 |

വികസന ഫണ്ട് എ.സി.ആർ.ഉം വാർഷിക ധനകാര്യപത്രികയും തമ്മിൽ 24000/-രൂപയുടെ വ്യത്യാസമുണ്ട്. ആയത് കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 175 | 92696170 | 154 | 68258368 | 112 | 42 | 21 | 73% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ/ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 519 | 17071888 | 17072407 (71428 പലിശ) | 15534467 | |
| ആകെ | 519 | 17071888 | 17072407 | 155334467 | 1537940 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6240 | 06 |
| കർഷകതൊഴിലാളി പെൻഷൻ | 1963400 | 131 |
| വിധവാപെൻഷൻ | 16434000 | 1108 |
| വാർദ്ധക്യകാലപെൻഷൻ | 45623000 | 3305 |
| വികലാംഗപെൻഷൻ | 3875800 | 226 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 1203600 | 77 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03/03/2023 ന് മുനിസിപ്പാലിറ്റി ജനറൽ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 139130/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ശ്രദ്ധിക്കപ്പെട്ട മേഖലകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ നടപ്പാക്കുന്ന പ്രധാന മരാമത്ത് പ്രവൃത്തികൾ നഗരസഭ കൗൺസിൽ തീരുമാനമില്ലാതെയും നഗരസഭ എൻജിനിയർ സൂപ്പർവിഷൻ നടത്താത്തതും കാരണം ഫണ്ട് അധികമായി വിനിയോഗിച്ചിട്ടുണ്ട്. ഉദാ: കോട്ടപ്പുറം നഗരസഭ മന്ദിരം നിർമ്മാണം, നിലവിലുള്ള നഗരസഭ മന്ദിരം ഫർണിഷിംഗ് ചെലവുകൾ, ഷെൽട്ടർ ഹോം നിർമ്മാണം തുടങ്ങിയവ.
2. സർക്കാർ ഉത്തരവിനു വിരുദ്ധമായും ശരിയായ ബിൽഡിംഗ് പെർമിറ്റ് ഇല്ലാതെയും മറ്റ് അനേകം അപാകങ്ങളോടുമാണ് കോട്ടപ്പുറം നഗരസഭ മന്ദിരം നിർമ്മിച്ചിട്ടുള്ളത്. വിശദമായി ഖണ്ഡിക 3-5 ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധിച്ചാലും.
3.ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നത് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു. 2021-22 വർഷം വെള്ളക്കരം അടവാക്കിയിട്ടില്ല. നഗരസഭയുടെ വെള്ളക്കരം അടവ് സംബന്ധിച്ച കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കേണ്ടതാണ്. പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടേയും സംയുക്തപരിശോധന നടത്തി കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
5. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. ഓഡിറ്റ് കാലയളവിൽ നഗരസഭയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടുകയോ, മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം പർച്ചേസിംഗുകളിൽ വളരെയധികം അപാകങ്ങളുണ്ടായിട്ടുള്ളതായി കാണുന്നു.

7. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

8. ഡെപ്പോസിറ്റായി ലഭിച്ച തുകകൾ നഗരസഭയുടെ തനത് അക്കൗണ്ടിൽ നീക്കിയിരുപ്പില്ല.
9. പ്രവൃത്തികൾക്കായി നൽകുന്ന തുകകളുടെ വിവരം ഡെപ്പോസിറ്റ് വർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെയും നഗരസഭ കൗൺസിലിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2015ന് ശേഷം ഓഡിറ്റ് നടന്നിട്ടില്ല | -- | -- |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2018 മുതൽ 27.04.2018 വരെ | 2018-19 | 26.04.2018 |

## 1-11 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം നിലവിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളും അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. നഗരസഭ പരിധിയിൽ വരുന്ന താഴെപറയുന്ന സ്വകാര്യ ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷത്തെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 17/ 09-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ പുതുക്കി നൽകി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമനം | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 9/477 | ലക്ഷ്മി നേഴ്സിംഗ് ഹോം |
| 2 | 9/344 | ചെറിയാൻ ക്ലിനിക്ക് |
| 3 | 8/753 | സിംസ് ആയുർവേദ ക്ലിനിക്ക് |
| 4 | 8/597 | ആസ്പയർ ഹോമിയോപതി |
| 5 | 8/461 | ഇടയൻ ദന്തൽ ക്ലിനിക്ക് |
| 6 | 8/429 | ശാന്തി ഹോമിയോ ക്ലിനിക്ക് |
| 7 | 8/388 | നെടുംചാലിൽ ഐ ഹോസ്പിറ്റൽ |
| 8 | 8/383 | Dr. അഞ്ജനാസ് ഹോമിയോ ക്ലിനിക്ക് |
| 9 | 7/269 | ശ്യാം ആയുർവേദ ക്ലിനിക്ക് |
| 10 | 6/30 | ജെ.ബി ഡയഗ്നോസ്റ്റിക്ക് സെന്റർ |

## 1-12 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ

നഗരസഭയിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 60 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 90 രൂപയുമാണ്. നഗരസഭയിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് @60/- | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് @90/- | കുറവ് |
|---|---|---|---|---|---|---|
| 1 | ജോസ് മാത്യു | 11/253എ | 153 ച. മീ | 9180 | 13770 | 4590 |
| 2 | എം.മനോജ് | 8/875സി | 181.33 ച.മീ | 10879.8 | 16319.7 | 5439.9 |
| 3 | എം.യു.മത്തായി | 8/430എ | 153.7 ച.മീ | 9222 | 13833 | 4611 |
| 4 | ട്രസ്റ്റി, പിറവം വലിയ പള്ളി | 5/82എ | 296 ച. മീ | 17760 | 26640 | 8880 |
| | | | | | ആകെ കുറവ് | 23520.9 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 15/09-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയിൽ 13 മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഇനത്തിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം | വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവർ ഉടമസ്ഥൻ | വസ്തുനികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 14/336 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 37950 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 15/19 | ഭാരത് ഇൻഫ്രാടെക് ലിമിറ്റഡ് | 77316 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| | | | 115266 | |

മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 33/15-03-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-14 വസ്തുനികുതി കുടിശ്ശിക

നഗരസഭയിൽ പ്രവർത്തിക്കുന്ന ഉപയോഗക്രമം ഓഡിറ്റോറിയം എന്ന് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും 2013 മുതൽ ഭീമമായ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/വാർഡ് നം./കെട്ടിട നം. | ഈടാക്കാത്ത കാലയളവ് / നികുതി കുടിശ്ശിക തുക |
|---|---|---|
| 1 | വൈ.എം.സി.എ,പിറവം/ ആഡിറ്റോറിയം/ 9/210 | 2013 Ist Half മുതൽ 2022 2nd Half /Rs.105663/- |
| 2 | SNDP Br.No.254 ആഡിറ്റോറിയം/ 17/403/a | 2013 Ist Half മുതൽ 2022 2nd Half /Rs.283934 |
| 3 | ബിനോയ് പൗലോസ്, മടത്തിപ്പറമ്പിൽ, പിറവം/ആഡിറ്റോറിയം/ 8/209 | 2019 Ist Half മുതൽ 2022 2nd Half /Rs.148415 |
| 4 | ട്രസ്റ്റി, പിറവം വലിയപള്ളി ആഡിറ്റോറിയം/ 5/88 | 2016 Ist Half മുതൽ 2022 2nd Half /Rs.534766 |
| | ആകെ | 1072778/- |

മേൽ കെട്ടിടങ്ങളുടെ കുടിശ്ശിക ഉൾപ്പെടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നും ഇല്ലെങ്കിൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 14/09.03.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-15 കെട്ടിട വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെ പറയുന്ന കടമുറികളിൽ നിന്നുമുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

| കെട്ടിട നം. | കുടിശ്ശിക തുക |
|---|---|
| 7/549 | 60256 |
| 5/383/G | 66286 |
| 7/527 | 39384 |

| | |
|---|---|
| 5/433/AS | 65400 |
| 5/433/AQ | 128367 |
| 5/433/2a, 2b, 2c | 162002 |
| 25/406 | 44625 |

2) വാടക കെട്ടിടങ്ങളുടെ വാടക ബൈലോ/വാടകക്കാരുമായുള്ള വാടക കരാർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
3) വാടക രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4) ഒഴിഞ്ഞുപോകുന്ന കടമുറികൾ പുനർലേലം നടത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ (8/508, 5/433/at, 5/433/au, 5/433/az, 5/433/ba, 5/433/ia). നഗരസഭയുടെ തനതുവരുമാന സ്രോതസ്സായ ഒഴിഞ്ഞ കടമുറികൾ പുനർലേലം നടത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.42/16.03.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കേണ്ടതും, ഒഴിഞ്ഞ കടമുറികൾ പുനർലേലം നടത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, മറ്റ് അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 26/14.03.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | റയാൻ ഓട്ടോമൊബൈൽസ് | 1&2 |
| 2 | നീലാങ്കൽ ഓട്ടോമൊബൈൽസ് | 1&2 |
| 3 | ആലക്കൽ എഞ്ചിനിയറിംഗ് വർക്സ് | 1&2 |
| 4 | യൂണിടെക്ക് എഞ്ചിനിയറിംഗ് | 1&2 |
| 5 | അരവിന്ദ് കമ്പനി | 1&2 |
| 6 | സിറ്റി ട്രേഡേഴ്സ് | 1&2 |
| 7 | ഇളംകുളം എന്റർപ്രൈസസ് | 1&2 |
| 8 | റൂറൽ ഹൗസിങ്ങ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി | 1&2 |
| 9 | സൂര്യ ഫർണീച്ചർ | 1&2 |
| 10 | കൃപ മോട്ടോഴ്സ് | 1&2 |
| 11 | കിംഗ്സ് ഹോളോബ്രിക്സ് | 1&2 |
| 12 | ഗ്ലോബൽ ഫർണീച്ചർ | 1&2 |
| 13 | പിറവം ഫിഷ് മാർട്ട് | 1&2 |
| 14 | അഞ്ജലി വുഡ് ഇൻഡസ്ട്രീസ് | 1&2 |
| 15 | കൈരളി ഓട്ടോമൊബൈൽസ് | 1&2 |
| 16 | പാഴൂർ ബ്രിക്സ് | 1&2 |
| 17 | പോപ്പുലർ മോട്ടോർ കോർപ്പ് | 1&2 |
| 18 | മോഡേൺ വുഡ് ക്രാഫ്റ്റ് | 1&2 |
| 19 | വിൽസൺ മാച്ച് ഇൻഡസ്ട്രീസ് | 1&2 |
| 20 | ജനത മാച്ച് ഇൻഡസ്ട്രീസ് | 1&2 |

## 1-17 സ്ഥാപന തൊഴിൽ നികുതി

നഗരസഭ പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 27/14.03.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|

| | |
|---|---|
| ആക്സിസ് ബാങ്ക് (7/292) | 1&2 ഹാഫ് |
| ക്ഷീരോത്പാദക സഹകരണസംഘം(3/130) | 1&2 ഹാഫ് |
| സപ്ലൈകോ(7/347) | 1&2 ഹാഫ് |
| യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്(7/367) | 1&2 ഹാഫ് |
| മാക്സ് വാല്യൂ ക്രഡിറ്റ്സ് (7/371) | 1&2 ഹാഫ് |
| ജെ.എസ്.ജെ ഫിനാൻസ്(7/413) | 1&2 ഹാഫ് |
| സെൻഞ്ചുറി ഫിനാൻസ്(7/724) | 1&2 ഹാഫ് |
| മുത്തൂറ്റ് ഫിൻകോർപ്പ്(8/277) | 1&2 ഹാഫ് |
| കെ.എസ്.ബി.സി(8/561) | 1&2 ഹാഫ് |
| കേരളാ ബാങ്ക്(8/451) | 1&2 ഹാഫ് |
| റൂറൽ ഹൗസിങ്ങ് സഹകരണസംഘം(8/857) | 1&2 ഹാഫ് |
| മുത്തൂറ്റ് ഫിനാൻസ്(8/632) | 1&2 ഹാഫ് |
| കൊശമറ്റം ഫിനാൻസ്(8/719) | 1&2 ഹാഫ് |
| കെ.പി.ബി ഫിനാൻസ്(8/749) | 1&2 ഹാഫ് |
| യൂണിയൻ ബാങ്ക്(25/270) | 1&2 ഹാഫ് |
| മണപ്പുറം(8/749) | 1&2 ഹാഫ് |

## 1-18 ഭിന്നശേഷിവിദ്യാർത്ഥികൾക്കുള്ള പഠനസഹായം /ബത്ത നൽകൽ – അപാകതകൾ

പ്രൊജക്ട് നം.11/2022
അടങ്കൽ -18,00,000/- (വികസനഫണ്ട് ജനറൽ -14,40,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്- 60,000/-, തനത്ഫണ്ട് – 3,00,000/-)
ചെലവ് -14,62,000/- (വികസനഫണ്ട് ജനറൽ -14,40,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്- 22,000/-)
നിർവ്വഹണം- ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

I.C.D.S സൂപ്പർവൈസർ നടപ്പാക്കിയ 'ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പഠനസഹായം/ബത്ത നൽകൽ' എന്ന പദ്ധതി പ്രകാരം 2021-22വർഷം 14,62,000/- രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 14.02.18 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 7.1.6 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാവുന്നത്. വിദ്യാലയങ്ങളിൽ പോകുന്ന ശാരീരികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സിനനുസരിച്ചും വിദ്യാലയങ്ങളിൽ പോകുന്ന മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 28,500/-രൂപയുമാണ് ധനസഹായം നൽകാവുന്നത്. എന്നാൽ മാനസികവെല്ലുവിളികൾ നേരിടുന്നവരിൽ പഠനത്തിനായി വിദ്യാലയങ്ങളിലല്ലാതെ പകൽ സമയം ഡേകെയർ സെന്ററുകളിൽ ചെലവഴിക്കുന്നവർക്കും വിദ്യാലയങ്ങളിലും ഡെകെയർ സെന്ററുകളിലും പോകാത്ത 18 വയസ്സിൽ താഴെയുള്ളവർക്കും നിശ്ചിത നിരക്കിൽ ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ നഗരസഭയിൽ ഈ ആനുകൂല്യം അനുവദിച്ചവരുടെ അപേക്ഷ പരിശോധിച്ചതിൽ 'സ്നേഹഭവൻ, മുളക്കുളം നോർത്ത്, പിറവം' എന്ന സ്ഥാപനത്തിന്റെ മദർ സുപ്പീരിയർ സ്നേഹഭവനിൽ സ്ഥിരതാമസക്കാരായ മാനസിക ശാരീരിക വൈകല്യമുള്ള 15 പെൺകുട്ടികൾക്ക് ധനസഹായം നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പ്രകാരം അവർക്ക് ധനസഹായം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേരും പിറവം നഗരസഭയിലെ സ്ഥിരതാമസക്കാരല്ല. അന്യജില്ലകളിൽ നിന്നുള്ളവരാണധികവും. ധനസഹായം കൈപ്പറ്റിയ അന്തേവാസികൾ 15 പേരും വിദ്യാർത്ഥികളല്ല. ഏതാനം പേരൊഴികെയുള്ളവർ 35 വയസ്സ് കഴിഞ്ഞ അന്തേവാസികളാണ്. ഇതുകൂടാതെ ഈ സ്ഥാപനത്തിലെ 10 പേർക്ക് അവരുടെ യോഗ്യതാമസക്കാലമനുസരിച്ച് സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുമുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വിദ്യ അഭ്യസിക്കുന്നതിന് അവരുടെ വൈകല്യം തടസ്സമാകരുത് എന്ന ഉദ്ദേശ്യത്തിലാണ് സർക്കാർ 14.02.2018ലെ സ.ഉ. നം.22/18 പ്രകാരം ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. ടി ഉത്തരവ് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ, ഡേ കെയർ സെന്ററുകളിൽ പോകുന്ന മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ, മാനസിക വെല്ലുവിളി നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത 18 വയസ്സിൽ താഴെയുള്ളവർ എന്നീ 4 വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. ധനസഹായം അനുവദിക്കപ്പെട്ട സ്ഥാപനത്തിലെ അന്തേവാസികൾ ഈ 4 വിഭാഗത്തിലും വരുന്നവരല്ല. ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്ന സ്ഥാപനത്തിൽ താമസിക്കുന്നവരും അർഹമായ വിഭാഗത്തിൽപ്പെടാത്തവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതിന് സർക്കാരിൽ നിന്നും മുൻകൂർ അനുവാദമോ സാധൂകരണമോ വാങ്ങിയതിന്റെ രേഖകൾ ഉണ്ടെങ്കിൽ ആയത് പരിശോധനക്ക്

ലഭ്യമാക്കണമെന്നും അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-20 തീ. 09/03/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ വഴിയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സ്കോളർഷിപ്പ് സംബന്ധമായ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-19 അംഗൻവാടി പൂരക പോഷകാഹാര വിതരണം - ചെലവുരേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം-10/2022

അടങ്കൽ - 28,24,000/- (വികസന ഫണ്ട് -ജനറൽ 14,00,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്-324000/-, കേന്ദ്ര വിഹിതം -800000/-, തനത് ഫണ്ട്-300000/-)

ചെലവ് - 28,24,000/- (വികസന ഫണ്ട് -ജനറൽ 14,00,000/-, ധനകാര്യകമ്മീഷൻ ഗ്രാന്റ്-324000/-, കേന്ദ്ര വിഹിതം -800000/-, തനത് ഫണ്ട്-300000/-)

പിറവം നഗരസഭയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അനുപൂരകപോഷകാഹാരവിതരണ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം 28,24,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ 14/09/2021 ൽ ബിൽ നം - 21120347014900408976 (BRN No) പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 837896/- രൂപയിൽ 823223/- രൂപയും സപ്ലൈകോ സൂപ്പർമാർക്കറ്റിനാണ് നൽകിയിട്ടുള്ളത്. ഈ തുക 18/02/2021, 30/04/2021, 28/06/2021 തിയതികളിലെ സപ്ലൈകോ ബില്ലുകളുടെ തുകയാണ് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. 30/04/2021 ലെ ബിൽ തുകയായി 425318/- രൂപ സപ്ലൈകോക്ക് നൽകിയിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട ബില്ലോ രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സപ്ലൈകോയുടെ ഫെബ്രുവരി 2021 ലെ ബിൽ (ഇഷ്യൂ നം -070502/201309 തീയതി 18/02/2021) തുകയായ 304786/- രൂപയിൽ 174120/- രൂപയാണ് സെപ്റ്റംബർ 2021 ൽ നൽകിയ ബില്ലിൽ ഉൾപ്പെടുത്തി നൽകിയിട്ടുള്ളത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ഈ ചെലവ് മുൻവർഷം നൽകാൻ അവശേഷിച്ചിരുന്നത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഇതേ ട്രഷറി ബിൽ പ്രകാരം തന്നെ നൽകിയ സപ്ലൈകോയുടെ ജൂൺ 2021 ലെ ബിൽ (ഇഷ്യൂ നം -070502/21439 തീയതി 28/06/2021) തുകയായ 342280/- രൂപയിൽ 223785/- രൂപയാണ് സെപ്റ്റംബർ 2021 ൽ നൽകിയ ബില്ലിൽ ചേർത്തിട്ടുള്ളത്. ഇതിന്റെ ബാക്കി 118495/- രൂപ ഏത് ബില്ലിൽ പ്രകാരം ഏത് ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

അംഗൻവാടി പൂരക പോഷകാഹാരവിതരണ പരിപാടിയുമായി ബന്ധപ്പെട്ട ഫയലിൽ സപ്ലൈകോ, അമൃതം ഫുഡ്സ് എന്നിവയുമായി ബന്ധപ്പെട്ട ഭൂരിഭാഗം ചെലവുകളിലും ബിൽ തുക വിഭജിച്ചാണ് നൽകി വരുന്നത്. എന്നാൽ ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയോ ബാക്കി തുകയുടെ വിതരണ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്യുന്നില്ല. (ഉദാ:സപ്ലൈകോയുടെ നവംബർ 2021 ലെ ബിൽ (ഇഷ്യൂ നം -070502/211395 തീയതി 30/11/2021) തുകയായ 389958/- രൂപയിൽ 164438/- രൂപയും ജനുവരി 2022 ലെ ബിൽ (ഇഷ്യൂ നം -070502/211673 Dtd 31/01/2022) തുകയായ 422187/- രൂപയിൽ 271682/- രൂപയുമാണ് മാർച്ച് 2022 ൽ നൽകിയ ബില്ലുകളിൽ മാറിയിട്ടുള്ളത്) ബാക്കി തുക നൽകാനുള്ളതിന്റെ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് ഇപ്രകാരം ബിൽ തുക വിഭജിച്ച് നൽകുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. എന്നാൽ നൽകിയതും നൽകാൻ ബാക്കിയുള്ളതുമായ തുകയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വികസനഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, തനത് ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിങ്ങനെ വിവിധയിനം ഫണ്ടുകൾ ഒരുമിച്ച് ചെലവഴിക്കപ്പെടുന്ന ഈ പദ്ധതിയുടെ ചെലവുകളിൽ ഇരട്ടിപ്പിനും പദ്ധതിച്ചെലവിന്റെ കൃത്യമായ കണക്കുകൾ ലഭ്യമാകാതിരിക്കുന്നതിനും ഇടയാക്കുന്നതാണ്. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.23 തീയതി 10/03/2023) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ചെലവിന് ആധാരമായ രേഖകളില്ലാതെ ചെലവഴിച്ച 425318/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശത്തിലെ ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 പട്ടികജാതി വീടുകൾക്ക് കുടിവെള്ള കണക്ഷൻ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട്നം-83/2021

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ- 236611/-

ചെലവ്-205671/-
(ബിൽനം-21120300000007974-Rs.57960/- തീയതി 17/12/2021)
(ബിൽനം-21120300000008219 -Rs.43876/-തീയതി 24/12/2021)
(ബിൽനം-21120300000008218 -Rs.23480/-തീയതി 14/12/2021)

(ബിൽനം-211203000000009004 -Rs.18500/-തീയതി 17/01/2022)
(ബിൽനം-211203000000009918 -Rs.16285/-തീയതി 11/12/2022)
(ബിൽനം-211203000000000369 -Rs.26510/-തീയതി 24/02/2022)
(ബിൽനം-211203000000011476 -Rs.10560/-തീയതി 22/03/2022)
(ബിൽനം-211203000000011644 -Rs.8500/-തീയതി 25/03/2022)

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി പ്രകാരം 2021-22 ൽ 21 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് (കൈ) 22/2018 /തസ്വഭവ തീയതി 14/02/2018) ഖണ്ഡിക 6.6.2 പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കുടിവെള്ള കണക്ഷന് യഥാർത്ഥ ചെലവ് സബ്സിഡിയായി നൽകാവുന്നതാണ്. യഥാർത്ഥ ചെലവിനുള്ള രേഖയായി വാട്ടർ അതോറിറ്റിയുടെ ലൈസൻസുള്ള പ്ലംബർ നൽകുന്ന എസ്റ്റിമേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ചെലവിനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ സമർപ്പിക്കുന്ന അപേക്ഷ ഫീസ്, എഗ്രിമെന്റ് ചാർജ്ജ് (സ്റ്റാമ്പ് പേപ്പർ ഉൾപ്പടെ), മെറ്റീരിയൽസ് ബില്ലുകൾ, ലേബർ ചാർജ്ജ് എന്നിവക്കെല്ലാം വ്യക്തിഗത ചെലവു രേഖകൾ ലഭ്യമാകുന്ന സ്ഥിതിക്ക് ഇതൊന്നും ഹാജരാക്കാതെ പ്ലംബർ തയ്യാറാക്കി എസ്റ്റിമേറ്റ് തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് യഥാർത്ഥ ചെലവ് രേഖയായി കണക്കാക്കാനാകില്ല. നൽകിയ സബ്സിഡി അപേക്ഷകളിൽ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും ബാധകമായ അപേക്ഷ & ലൊക്കേഷൻ സ്കെച്ച്, വാട്ടർ മീറ്റർ, എഗ്രിമെന്റ് ചാർജ്ജ് (സ്റ്റാമ്പ് പേപ്പർ ഉൾപ്പടെ) എന്നിങ്ങനെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പൊതുവായ ചെലവുകൾക്കും വ്യത്യസ്ത നിരക്കാണ് ഓരോ അപേക്ഷകൾക്കൊപ്പവുമുള്ള എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പൈപ്പ്, അനുബന്ധ മെറ്റീരിയൽസ്, ലേബർ ചാർജ്ജ് എന്നിവയാണ് ദൂരത്തിനനുസരിച്ച് ഓരോ ഗുണഭോക്താവിനും വ്യത്യാസമുള്ളത്. എന്നാൽ ഇവയുടെ ചെലവിനും കൃത്യമായ രേഖകളില്ല.

2021-22 ൽ ആകെ 64 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത്. പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച ശ്രീ.ഗിരീഷ് സി.എം, ചെറുമുറ്റത്ത്, കളമ്പൂർ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വാട്ടർ അതോറിറ്റി കണക്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം PV 1/5607/D നമ്പരിലുള്ള കൺസ്യൂമർ നമ്പറിലുള്ള കണക്ഷൻ വാട്ടർ അതോറിറ്റി അനുവദിച്ചത് 10/06/2019 ലാണ്. എന്നാൽ സബ്സിഡി തുകക്ക് ആധാരമായ പ്ലംബറുടെ എസ്റ്റിമേറ്റിലെ തീയതിയാകട്ടെ 08/10/2021 ആണ്. വാട്ടർ കണക്ഷൻ ലഭിച്ച് രണ്ടര വർഷത്തിന് ശേഷം നൽകിയ എസ്റ്റിമേറ്റിലെ ചെലവുകൾ പ്രകാരമാണ് സബ്സിഡിയായി 10576/- രൂപ ഗുണഭോക്താവിന് നൽകിയത്. ഈ പദ്ധതിയിൽ തന്നെ ശ്രീമതി.ബിന്ദു കൃഷ്ണ, തെക്കേപുത്തൻപുരയിൽ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വാട്ടർ അതോറിറ്റി കണക്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം PV 1/5858/D നമ്പരിലുള്ള കൺസ്യൂമർ നമ്പറിലുള്ള കണക്ഷൻ വാട്ടർ അതോറിറ്റി അനുവദിച്ചത് 09/11/2020 ലാണ്. എന്നാൽ സബ്സീഡി തുകക്ക് ആധാരമായ പ്ലംബറുടെ എസ്റ്റിമേറ്റിലെ തീയതിയാകട്ടെ 10/12/2021 ആണ്. വാട്ടർ കണക്ഷൻ ലഭിച്ച് ഒരു വർഷത്തിന് ശേഷം നൽകിയ എസ്റ്റിമേറ്റിലെ ചെലവുകൾ പ്രകാരമാണ് സബ്സിഡിയായി 14980/- രൂപ ഗുണഭോക്താവിന് നൽകിയത്. അതേ പോലെ തന്നെ സബ്സിഡി അനുവദിച്ച ശ്രീമതി.രാജിമോൾ & അഖിലേഷ്, മുല്ലപ്പള്ളിൽ, കളമ്പൂർ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വാട്ടർ അതോറിറ്റി കണക്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം PV 1/5979/D നമ്പരിലുള്ള കൺസ്യൂമർ നമ്പറിലുള്ള കണക്ഷൻ വാട്ടർ അതോറിറ്റി അനുവദിച്ചത് 21/10/2020 ലാണ്. എന്നാൽ സബ്സിഡി തുകക്ക് ആധാരമായ പ്ലംബറുടെ എസ്റ്റിമേറ്റിലെ തീയതിയാകട്ടെ 26/10/2021 ആണ്. വാട്ടർ കണക്ഷൻ ലഭിച്ച് ഒരു വർഷത്തിന് ശേഷം നൽകിയ എസ്റ്റിമേറ്റിലെ ചെലവുകൾ പ്രകാരമാണ് ഈ അപേക്ഷയിലും സബ്സിഡിയായി 9540 രൂപ ഗുണഭോക്താവിന് നൽകിയത്. വാട്ടർ കണക്ഷൻ ലഭിച്ച് രണ്ടര വർഷത്തിനു ശേഷമുള്ള തീയതിയിൽ പോലും നൽകിയ എസ്റ്റിമേറ്റ് ചെലവിനുള്ള ആധികാരിക രേഖയായി കണക്കാക്കി ആനുകൂല്യം നൽകിയിരിക്കുന്നതിനാൽ വാട്ടർ കണക്ഷന് വേണ്ടി വന്ന യഥാർത്ഥ ചെലവും എസ്റ്റിമേറ്റിലെ ചെലവും തമ്മിലെ പൊരുത്തക്കേട് വ്യക്തമാണ്.

2021-22 ലെ വാർഷിക പദ്ധതിയിൽ ആകെ 64 കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉണ്ടായിരിക്കെ ഒന്നും രണ്ടും വർഷം മുമ്പ് കണക്ഷൻ ലഭിച്ചവർക്ക് പദ്ധതി ആനുകൂല്യം നൽകിയതിന് കൗൺസിൽ തീരുമാനമടക്കമുള്ള വ്യക്തമായ രേഖകളൊന്നും ലഭ്യമായിട്ടില്ല. ഗുണഭോക്താക്കളിൽ വാട്ടർ കണക്ഷൻ നിലവിലില്ലാത്തവർക്ക് കണക്ഷൻ നൽകുന്നതിനാണ് പദ്ധതി പ്രകാരം തുക ചെലവഴിക്കേണ്ടിയിരുന്നത്. മുൻ വർഷങ്ങളിൽ കണക്ഷൻ ലഭിച്ചവർക്ക് മുമ്പ് സബ്സിഡി നൽകിയിരുന്നോ എന്ന കാര്യം ഉറപ്പാക്കാനുള്ള രേഖകളും ലഭ്യമല്ല. 64 കുടുംബങ്ങൾ ഗുണഭോക്താക്കളായി ഉള്ളപ്പോൾ മുൻവർഷങ്ങളിൽ കണക്ഷൻനേടിയവർക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-24 തീയതി 10/03/2023) നൽകിയിരുന്നവെങ്കിലും മറുപടിയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ കൃത്യമായ ചെലവ് രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ചെലവഴിച്ച 35,096/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 പ്രൊഫഷണൽ ഫീസ് നൽകിയതിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല

പിറവം നഗരസഭയുടെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ് ജോർജ് സെബാസ്റ്റിന് 2021 ഓഗസ്റ്റ് മാസത്തെ 80 /08-21 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം-132662 തീയതി 31/08/2021) വിവിധ കേസുകളുമായി ബന്ധപ്പെട്ട് 72,000/- രൂപ ഫീസായി തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആദായനികുതി നിയമം, വകുപ്പ് 194 (J) പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് നല്കുന്ന 30,000/- രൂപയിൽ അധികരിച്ചുള്ള ഫീസിൽ നിന്ന് 10% തുക സ്രോതസ്സിൽ നിന്നുള്ള ആദായനികുതിയായി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അഡ്വക്കേറ്റ് ജോർജ് സെബാസ്റ്റിനിൽ നിന്നും ആദായനികുതിയിനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. നൽകിയ 72,000/- രൂപയിൽ 7,200/- രൂപ നികുതിയായി ഈടാക്കി ബാക്കി 64,800/- രൂപയായിരുന്നു ഫീസ് നൽകേണ്ടിയിരുന്നത്. ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.31/15.03.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ഡി.സി.സി നിർത്തലാക്കിയ ശേഷം വാഹനവാടക നൽകൽ -ചെലവുരേഖകൾ ആധികാരികമല്ല

പിറവം നഗരസഭയിലെ 2022 മാർച്ച് മാസത്തെ വൗച്ചർ നം.54 പ്രകാരം കോവിഡ് രോഗികൾക്കായി ഉപയോഗിക്കുന്ന വാഹനവാടകയും ഡ്രൈവറുടെ വേതനത്തിനുമായി 1,28,420/- രൂപ (ചെക്ക് നം 271385 തീയതി 10/03/2022) ശ്രീ.മനു തോമസ് എന്നയാൾക്ക് നൽകിയിട്ടുണ്ട്. വൗച്ചർ പരിശോധിച്ചതിൽ 2022 ജനുവരി മാസത്തെ 31 ദിവസത്തെയും 2022 ഫെബ്രുവരി മാസത്തെ 28 ദിവസത്തെയും പ്രതിദിനം 1500/- രൂപ നിരക്കിലുള്ള വാഹനവാടകയും പ്രതിദിനം 730/- രൂപ നിരക്കിലുള്ള ഡ്രൈവറുടെ വേതനവുമായാണ് തുക നൽകിയിട്ടുള്ളത്.

സംസ്ഥാനത്ത് കോവിഡ് രോഗബാധ നിയന്ത്രണ വിധേയമായതിനെത്തുടർന്ന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചുകൊണ്ടും 2021 നവംബർ മാസം മുതൽതന്നെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കമുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നു. രോഗികളുടെ എണ്ണം കുറഞ്ഞതിനെ തുടർന്ന് പിറവം നഗരസഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്ന D.C.C.യുടെ പ്രവർത്തനവും 2021 ഒക്ടോബർ മാസം മുതൽ പ്രവർത്തനം അവസാനിപ്പിരുന്നു. സംസ്ഥാനത്ത് തന്നെ ആകെ കോവിഡ് കേസുകൾ തന്നെ വളരെ കുറഞ്ഞ നിരക്കിലേക്ക് താഴ്ന്ന ഈ സാഹചര്യത്തിലും 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ മുഴുവൻ ദിവസങ്ങളിലും രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനായി വാഹനം ഓടിയിട്ടുണ്ട് എന്ന വൗച്ചർ ഹാജരാക്കിയാണ് കരാറുകാരൻ തുക കൈപ്പറ്റിയിട്ടുള്ളത്. സംസ്ഥാനമൊട്ടാകെയുള്ള കോവിഡ് കേസുകൾ വളരെയേറെ കുറഞ്ഞ കാലയളവിലും കോവിഡ് വ്യാപനം അതിതീവ്രമായിരുന്ന സമയത്ത് പോലുമില്ലാത്ത വിധം 2022 രണ്ടുമാസങ്ങളിലെ മുഴുവൻ ദിവസവും രോഗികളെ വീടുകളിൽ നിന്നും ആശുപത്രികളിൽ എത്തിച്ചതായി വൗച്ചർ ഹാജരാക്കിയതിനാൽ ഓരോ ദിവസവും ആശുപത്രികളിൽ എത്തിച്ച രോഗികളുടെ പേര് വിവരങ്ങളും കോവിഡ് മേൽനോട്ടച്ചുമതലയുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം, കോവിഡ് പോർട്ടലിൽ നിന്നുള്ള വിവരങ്ങളും ഒത്തുനോക്കി ഉറപ്പുവരുത്തിയായിരുന്നു ചെലവ് നടത്തേണ്ടിയിരുന്നത്. ഈ രേഖകളൊന്നും വൗച്ചറുകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. വാഹന വാടക നൽകുന്നതുമായി ബന്ധപ്പെട്ട് മേൽ വ്യക്തിയുമായി നഗരസഭ ഏർപ്പെട്ട കരാറിന്റെ വിവരങ്ങളും ലഭ്യമല്ല.

പിറവം നഗരസഭയിലെ ഡി.സി.സി. യുടെ ഉൾപ്പടെ പ്രവർത്തനം അവസാനിപ്പിച്ച് മാസങ്ങൾക്ക് ശേഷവും, ചെലവിന് ആധികാരികമായ രേഖകളില്ലാതെ, രണ്ടുമാസങ്ങളിലെ തുടർച്ചയായി മുഴുവൻ ദിവസവും വീടുകളിൽ നിന്നും രോഗികളെ ആശുപത്രികളിൽ എത്തിച്ചതിന് വാടക അനുവദിച്ചതിനും ഇതിനായി ഡ്രൈവർക്ക് വേതനം നൽകിയതിനും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.28 തീയതി 15/03/2023) നൽകിയെങ്കിലും കരാർ രേഖകളോ വിശദീകരണമോ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ചെലവ് രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 1,28,420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിന് ആധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-23 "ടേക്ക് എ ബ്രേക്ക്" പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പിറവം നഗരസഭയുടെ 2021 ഒക്ടോബർ, 2022 മാർച്ച് മാസങ്ങളിലെ വൗച്ചർ നം.9, 49 എന്നിവ പ്രകാരം 56,298/- രൂപ (ചെക്ക് നം 132700 തീയതി 04/10/2021 Rs.19790 & ചെക്ക് നം 271380 തീയതി 14/03/2022 Rs.36508/-) സർക്കാർ നിർദ്ദേശപ്രകാരം (സ.ഉ.(സാധാ)നമ്പർ 139/2020തസ്വഭവ, തീയതി 06.03.2020) നഗരസഭയിൽ ആരംഭിച്ച "*ടേക്ക് എ ബ്രേക്ക്*" പദ്ധതിയുടെ വരുമാന വിഹിതമായി എറണാകുളം ഡി.റ്റി.പി.സി സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുക നൽകിയതല്ലാതെ നഗരസഭയിൽ സ്ഥാപിക്കുന്ന "ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി എത്ര രൂപയാണ് ഡി.റ്റി.പി.സി നഗരസഭക്ക്

കൈമാറിയിട്ടുള്ളതെന്നോ ഈ തുക ഉപയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്നുള്ള വിവരവും ലഭ്യമായിട്ടില്ല. ഡി.റ്റി.പി.സി. നൽകിയതുൾപ്പെടെ പദ്ധതിക്കായി ആകെ ചെലവഴിച്ച തുക എത്രയാണ് എന്നതും വ്യക്തമല്ല. "ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി നഗരസഭയും ഡി.റ്റി.പി.സി.യും തമ്മിൽ ഏർപ്പെട്ട കരാർ ഫയലിൽ ലഭ്യമല്ല. ആയതിനാൽ തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന കാര്യത്തിൽ വ്യക്തതയില്ല. "ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി സ്ഥാപിച്ച കെട്ടിടം നഗരസഭയുടെ സ്ഥലത്താണെങ്കിലും അസസ്മെന്റ് പ്രകാരം(ഫോം.6) കെട്ടിടത്തിന്റെ ഉടമസ്ഥൻ ആയി രേഖപ്പെടുത്തിയിരിക്കുന്നത് ഡി.റ്റി.പി.സി സെക്രട്ടറിയെയാണ്. "ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി സ്ഥാപിച്ച കെട്ടിടത്തിന്റെ ഉടമസ്ഥത ഡി.റ്റി.പി.സിയുടെ പേരിലായിരിക്കെ 84.4 $M^2$ വിസ്തീർണ്ണമുള്ള 25/406 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി 2018 മുതൽ ഒഴിവാക്കിയിരിക്കുകയാണ്. കെട്ടിടത്തിന് വസ്തുനികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. "ടേക്ക് എ ബ്രേക്ക്" പദ്ധതിക്കായി സ്ഥാപിച്ച കെട്ടിടത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. ടേക്ക് എ ബ്രേക്ക് പദ്ധതിയുമായി മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-29 തീയതി 15/03/2023) നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. *"ടേക്ക് എ ബ്രേക്ക്"* പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 സാമൂഹ്യസുരക്ഷാപെൻഷൻ അപാകതകൾ

നഗരസഭയിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം നടത്തിയതായി കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ അക്കൗണ്ട് നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | തങ്കമ്മ വേലായുധൻ 106930200294 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.02.2021 | 03/21 To 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |
| 2 | കുഞ്ഞപ്പൻ കെ എ 106930200720 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.04.2021 | 05/21 To 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |
| 3 | ചാക്കോ പി സി 112670201675 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.06.2021 | 07/21 To 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |
| 4 | അവറാച്ചൻ 112670200122 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.06.2021 | 07/21 To 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |
| 5 | ചക്രപാണി 106930201431 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.06.2021 | 07/21 To 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ആക്ടീവ് |

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും

സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. ആയതിനാൽ മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 16/09.03.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നഗരസഭ പരിശോധനക്കായി ഹാജരാക്കിയ 2021-22 ലെ മരണ റിപ്പോർട്ടിനോടൊപ്പം ബന്ധപ്പെട്ട ആധാർ പകർപ്പുകൾ ഹാജരാക്കിയിരുന്നില്ലാത്തതിനാൽ മരണത്തെ തുടർന്ന് പെൻഷൻ വിതരണം നടത്തിയതു സംബന്ധിച്ച് കൃത്യമായ കണക്കെടുക്കാൻ സാധിച്ചിട്ടില്ല. ലഭ്യമായ മാർഗങ്ങളിലൂടെ പരിശോധിച്ചതിൽ നിന്നും പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നതായി കാണുന്നുണ്ട്. ആയതിനാൽ 2021-22 വർഷത്തിൽ നൽകിയിട്ടുള്ള എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും പരിശോധിച്ച് മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 സ്മാർട് ഗാർബേജ് സിസ്റ്റം - പദ്ധതി പ്രാവർത്തികമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ
പദ്ധതി നമ്പർ: 318/ 22

അടങ്കൽ : 834280/-

ചെലവ് : 721771/-
ബിൽ നം./തീ. : (1) 300/18.03.22 തുക - 673000/-
(2) 339/25.03.22 തുക - 48771/-

മേൽ പദ്ധതിക്കായി കെൽട്രോണിന് 673,000/- രൂപയും അനുബന്ധ ചെലവുകൾ ഉൾപ്പെടെ ആകെ 721771/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹരിതമിത്രം എന്ന പേരിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനായി കെൽട്രോൺ ചുമതലപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥയും പദ്ധതി നിർവഹണത്തിന്റെ ഭാഗമായി നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി പണം ചെലവഴിച്ച് ഒരു വർഷത്തിലധികമായിട്ടും പദ്ധതി ലക്ഷ്യത്തിൽ എത്തിക്കാണുന്നില്ല. ഹരിതകർമ്മ സേന വഴി വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും യൂസർ ഫീ വാങ്ങി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും ആയത് മോണിറ്റർ ചെയ്യുന്നതുമാണ് പ്രധാനമായും പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി വിവിധ വാർഡുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഒരു വാർഷിക ചാർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരം ഓരോ മാസവും സ്വീകരിക്കേണ്ട മാലിന്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ എം.സി.എഫിൽ ആവശ്യമായ സൗകര്യമില്ലാത്തതും വാർഡുകളിൽ ആവശ്യമായ കലക്ഷൻ സെന്റർ ഇല്ലാത്തതിന്റെ കുറവും കാരണം പദ്ധതി പ്രാരംഭഘട്ടത്തിൽ ആണെന്ന് കെൽട്രോൺ നിയോഗിച്ച ഉദ്യോഗസ്ഥർ വിശദീകരിക്കുകയുണ്ടായി. ഹെൽത്ത് ഓഫീസറിൽനിന്നും നിന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ശരിയാംവണ്ണം പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി- നിർവഹണത്തിൽ ന്യൂനതകൾ.

നിർവഹണം : പ്രിൻസിപ്പൽ ഹയർ സെക്കൻഡറി സ്കൂൾ, നാമക്കുഴി

അടങ്കൽ :128795/-ചെലവ് :128790/-
ബിൽ നം.14201487830/26.03.22

പദ്ധതി : സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ.

മേൽ പദ്ധതി പ്രകാരം സ്കൂളുകൾക്കായി ഫർണീച്ചർ 'ആർട്ട്കോ'യിൽ നിന്നും നേരിട്ട് ടെൻഡറില്ലാതെ വാങ്ങിയിരുന്നു. പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ ഡസ്ക്ക് ആന്റ് ചെയർ 16 എണ്ണം, 3 സീറ്റർ കോംബോ യൂണിറ്റ് 8 എണ്ണം എന്നിവ യഥാക്രമം 3334.60, 9429.37 രൂപ നിരക്കിൽ വാങ്ങിയിരുന്നു.

ഫയൽ പരിശോധിച്ചതിൽ 'ആർട്ട്കോ'യിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് സൂക്ഷിച്ചിട്ടില്ല. ഫർണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം, കൈപ്പറ്റിയതിന്റെയും രേഖകളില്ല. വാങ്ങിയ സാധനങ്ങളുടെ പ്രൈസ് ലിസ്റ്റ് ഫയലിൽ ഇല്ല. ലഭ്യമാക്കിയ പ്രഫോർമ ഇൻവോയിസ്സിൽ സാധനങ്ങളുടെ വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. (അളവ്, ഇനം, തരം എന്നിവ). ആർട്ട്കോയിൽ നിന്നും സർക്കാർ അംഗീകരിച്ച നിരക്കുകളിൽ ഉള്ള സാധനങ്ങൾ അല്ലാത്ത (ഫർണിച്ചറുകൾ ഉൾപ്പെടെ) അവരിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് വ്യവസ്ഥയില്ല. മേൽപ്പറഞ്ഞ ന്യൂനതകൾ ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/16.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 128790/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 സുഭിക്ഷ കേരളം - തരിശു നിലത്തിൽ നെൽകൃഷി പദ്ധതി – അധിക തുക നൽകി.

പദ്ധതി നം. 32/22.

അടങ്കൽ /ചെലവ് : 171000/-
വൗച്ചർനം. C032262555545/26.03.2022

കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ശ്രീ.നാരായണൻ കെ.എൻ എന്ന കർഷകന് നെൽകൃഷിക്കായി ഭൂമി പാട്ടത്തിന് ഏലിയാസ്, നെവിൻ പി.തോമസ് എന്നിവർ സമ്മതപത്രം നൽകുകയുണ്ടായി. പാട്ടകൃഷിക്കായി പ്രസ്തുത പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ച തുകയും ഭൂമിയുടെ രേഖകളും പരിശോധിച്ചതിൽ ഭൂനികുതി രശീത് നം.KL07070711615, 711618 എന്നിവ പ്രകാരം കൃഷിയോഗ്യമായ ഭൂമിയുടെ (നിലം) വിസ്തീർണ്ണം യഥാക്രമം 17 ആർ, 20.83 ആർ, ആകെ 37.83 ആർ ആകുന്നു. എന്നാൽ 49 ആർ കൃഷി ചെയ്തതിന്റെ സബ്സിഡി തുകയായ 17150/-രൂപയാണ് നൽകിയിട്ടുള്ളത്. (സുഭിക്ഷ കേരളം പദ്ധതിപ്രകാരം പാട്ടകൃഷിക്ക് കർഷകന് അനുവദനീയമായ പരമാവധി സബ്സിഡി ഹെക്ടറിന് 35000/- രൂപയാണ്) രേഖകൾ പ്രകാരം കൃഷിക്ക് അനുയോജ്യമല്ലാത്ത 11.17 ആർ ഭൂമി കൂടി കൃഷി ചെയ്തതായി കണക്കാക്കി തുക കർഷകന് അനുവദിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തെറ്റായി കർഷകന് അധികമായി അനുവദിച്ച തുക 3910/- രൂപ (37.83x 35000= 13240/-: 17150-13240=3910/-) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 1-28 ഡയാലിസിസ് ദൈനംദിന ചെലവുകൾ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

പ്രൊജക്ട് നം. 36/22

അടങ്കൽ: 900000/- (വികസനഫണ്ട് -രൂ.-700000.00 + തനത് ഫണ്ട്-200000.00)

ചെലവ് - രൂ.898594/- (699465.00 വികസനഫണ്ട് + 199129.00 തനത്ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ - സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പിറവം

മേൽ പ്രൊജക്ട് പ്രകാരം പിറവം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് റീഏജന്റ്സ്/സാധനങ്ങൾ വാങ്ങുന്നതിന് 819128.00 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ജി.ഒ(പി)നം.259/2010/തസ്വഭവ തിയതി 08.11.2010 പ്രകാരം ഓപ്പൺ ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തുന്നതിനു പകരം ക്വട്ടേഷൻ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. ഇത് ചട്ടവിരുദ്ധമായ നടപടിയാണ്.

2)സർക്കാർ ഉത്തരവ് (എം.എസ്)നം. 13/2015/ITD തീയതി 12-05-2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടതാണ്. 5 ലക്ഷത്തിൽ അധികം തുകയുടെ സാധനങ്ങൾ വാങ്ങിയിട്ടും ഇ-ടെണ്ടർ നടത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല.

3) കെ.എം.സി.എല്ലിന്റെ റണ്ണിങ് കോൺട്രാക്ട് റേറ്റുള്ള സ്ഥാപനങ്ങളെ വാങ്ങലുകൾക്ക് പരിഗണിക്കാതിരുന്നതിന്റേയും ജെം പോർട്ടലിന്റെ സാധ്യത ഉപയോഗപ്പെടുത്താതിരുന്നതിന്റെയും കാരണം വ്യക്തമല്ല.

4)സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.22/2018, ത. സ്വ.ഭ.വ., 14.02.2018പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ നിന്നുമാണ് നിർബന്ധമായും വാങ്ങേണ്ടത്. മുൻകൂർ

പണം അടച്ച് രണ്ടുമാസത്തിലധികം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ എച്ച്.എം.സിയുടെ അനുവാദത്തോടുകൂടി അടിയന്തര സാഹചര്യങ്ങളിൽ മാത്രം സപ്ലൈകോ, ജൻ ഔഷധി, കൺസ്യൂമർ സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സക്ക് ആവശ്യമായ റീഏജന്റ്സ്/സാധനങ്ങൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ റണ്ണിങ്ങ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങേണ്ടത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.
5) ഇത് കൂടാതെ പദ്ധതി നം.34/22(അടങ്കൽ - 695021/-) പ്രകാരം ഇതേ പദ്ധതിക്ക് ഇതേ നിർവ്വഹണഉദ്യോഗസ്ഥൻ 522691/- രൂപയുടെ ഡയാലിസിസിന് ആവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ വഴി തെരഞ്ഞെടുത്ത്(3ക്വട്ടേഷനുകളിൽ നിന്ന്) ഇടപ്പള്ളിയിലെ 'സ്മാർട്ട് സപ്ലൈസ് 'എന്ന ഇതേസ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. അതായത് മൊത്തം 13,41,819/- രൂപയുടെ സാധനങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ വഴി വാങ്ങുകയുണ്ടായി. ഇത് തദ്ദേശ സ്ഥാപനത്തിന് വലിയ സാമ്പത്തിക നഷ്ടത്തിനിടയാക്കുന്നതും ഗുരുതരമായ ചട്ടലംഘന നടപടിയുമാണ്.

മേൽപ്പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമവിരുദ്ധമായി നടത്തിയ 1341819/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയലിൽ ഉള്ള രേഖകൾ പ്രകാരം 2019 മുതൽ മേൽ പറഞ്ഞ സ്ഥാപനത്തെ തന്നെയാണ് ക്വട്ടേഷൻ വഴി വിതരണത്തിനായി തെരഞ്ഞെടുത്തത് എന്ന് കാണുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ആവശ്യമാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-29 താലൂക്ക് ആശുപത്രിയിലേക്ക് രോഗികൾക്കായുള്ള മരുന്നുവാങ്ങൽ പദ്ധതി നടപ്പാക്കിയിട്ടില്ല - അപാകതകൾ.

പദ്ധതി നം. 34/22

അടങ്കൽ : 695021/-
(200000/- ധ.ക.അവാർഡ്; 495021/-മെയിന്റനൻസ് - നോൺ റോഡ്)

ചെലവ് : 691315/-
(197763/-ധ.ക.അവാർഡ് ; 493352/-മെയിന്റനൻസ് - നോൺറോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പിറവം

| ബിൽ നം/തിയ്യതി | തുക |
|---|---|
| 1/22 | 400471/- |
| 3/22 | 44550/- |
| 4/22 | 152620/- |
| 5/22 | 45143/- |
| 6/22 | 19600/- |
| 7/22 | 28931/- |
| ആകെ | 691315/- |

താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി ആകെ 691315/-രൂപ ചെലവുവന്നിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും താലൂക്ക് ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ അല്ല വാങ്ങിയതു് എന്ന് കാണുകയുണ്ടായി. ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സക്ക് ആവശ്യമായ റീഏജന്റ്സ്/സാധനങ്ങളാണ് വാങ്ങിയത്. നഗരസഭയിലെ താലൂക്ക് ആശുപത്രിയിലെ രോഗികൾക്കായി മരുന്ന് വാങ്ങൽ പദ്ധതി നടപ്പാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച ഒരു പദ്ധതിക്കായി വകയിരുത്തിയ തുക പുതുതായി മറ്റൊരു പദ്ധതിക്കായി വക മാറ്റി ചെലവഴിക്കുന്നതിന് സർക്കാർ അംഗീകാരം ആവശ്യമാണ്. എന്നാൽ അപ്രകാരം അംഗീകാരം വാങ്ങിയിട്ടില്ല.

കൂടാതെ 522691/- രൂപയുടെ ഡയാലിസിസിന് ആവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ വഴി തെരഞ്ഞെടുത്ത്(3ക്വട്ടേഷനുകളിൽ നിന്ന്) ഇടപ്പള്ളിയിലെ 'സ്മാർട്ട് സപ്ലൈസ് 'എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.22/2018, ത. സ്വ.ഭ.വ., 14.02.2018പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷൻ നിന്നുമാണ് നിർബന്ധമായും വാങ്ങേണ്ടത്. മുൻകൂർ പണം അടച്ച് രണ്ടുമാസത്തിലധികം ലഭ്യമാകാത്ത സാഹചര്യങ്ങൾ എച്ച്.എം.സിയുടെ അനുവാദത്തോടുകൂടി അടിയന്തര സാഹചര്യങ്ങൾ മാത്രം സപ്ലൈകോ, ജൻ ഔഷധി, കൺസ്യൂമർസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സക്ക് ആവശ്യമായ റീഏജന്റ്സ്/സാധനങ്ങൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ലഭ്യമാണെങ്കിൽ അവിടെ നിന്നുമാണ് വാങ്ങേണ്ടത്.

കൂടാതെ ജി.ഒ(പി)നം.259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരം ഓപ്പൺ ടെണ്ടർ നടപടികളിലൂടെ വാങ്ങൽ നടത്തുന്നതിനു പകരം ക്വട്ടേഷൻ മുഖേന വാങ്ങിയതിനും, സർക്കാർ ഉത്തരവ് (എം എസ് ) 13/2015/ITD തീയതി 12-05-2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ഇ ടെണ്ടർ

നടപടികളിലൂടെ വാങ്ങേണ്ടതാണെങ്കിലും അപ്രകാരം വാങ്ങാതിരുന്നതിന്റേയും ജെം പോർട്ടലിന്റെ സാധ്യത ഉപയോഗപ്പെടുത്താതിരുന്നതിന്റെയും കാരണം വ്യക്തമല്ല. മേൽപ്പറഞ്ഞവയൊന്നും തന്നെ പാലിക്കാതെ ഡയാലിസിസ് ആവശ്യമായ സാധനങ്ങൾ സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങിയ നടപടി ശരിയല്ല. മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകളും നിബന്ധനകളും പാലിക്കാതെ പദ്ധതി നടപ്പാക്കുന്ന പക്ഷം പദ്ധതി നിർവ്വഹണത്തിലെ വീഴ്ച്ചകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | (1) 109/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 950,000/-രൂപ, (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 1) 122562/-രൂപ, ബിൽ. നം. 45/5.7.2021<br>2) 127086/-രൂപ, ബിൽ. നം. 50/9.7.2021<br>3)175274/-രൂപ, ബിൽ. നം. 71/11.8.21<br>4)110973/-രൂപ, ബിൽ. നം. 100/16.9.2021<br>5)48356/-രൂപ, ബിൽ. നം. 182/27.12.2021<br>6)185647/-രൂപ, ബിൽ. നം. 246/15.2.2022<br>7)73626/-രൂപ, ബിൽ. നം. 284/16.3.2022<br>8) 64105/-രൂപ, ബിൽ നം.164/30.11.2021<br>ആകെ : 907629/- |

പിറവം നഗരസഭ സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ എന്ന പ്രോജക്റ്റിനായി 9,07,629/-രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവു തുകയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1)മേൽസൂചിപ്പിച്ചിട്ടുള്ള ക്രമ നം 1, 2 ബില്ലുകളിലെ ചെലവുകൾക്കായി ഹാജരാക്കിയത് ഒരേ സബ് വൌച്ചറുകളാണ്. കൂടാതെ CHC യിലെ 8.6.21തീയതിയിലെ വെള്ളക്കര കുടിശ്ശികയായി 75493/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ അതേ കുടിശ്ശികയ്ക്കായി 3.8.21 തീയതിയിലെ വാട്ടർ അതോറിറ്റി ബിൽ പ്രകാരം വെള്ളക്കര കുടിശ്ശികയായി 96965/- രൂപ വീണ്ടും വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. അതായത് 96965/- രൂപ അധികം അടവാക്കിയതായി കാണുന്നുണ്ട്. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2)മേൽസൂചിപ്പിച്ചിട്ടുള്ള ക്രമ നം 4 ലെ ചെലവുകൾക്കായി ഹാജരാക്കിയത് CHC യിലെ വെള്ളക്കര കുടിശ്ശിക തുകയുൾപ്പെടെയുള്ള ബില്ലുകളാണ്.

3) Market Shopping Complex ന്റെ വെള്ളക്കരം അടച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ നഗരസഭ വാടകയ്ക്ക് നല്കിയിട്ടുള്ളതിനാൽ എഗ്രിമെന്റിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയില്ല.

4) തൻ വർഷം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ തനത് ഫണ്ടിൽ നിന്നും ചെയ്തിട്ടുള്ളതിനാൽ തുക ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

5) 9,07,629/-രൂപയുടെ ചെലവിനെ സാധൂകരിക്കുന്ന ശരിയായ ബില്ലുകൾ അല്ല ഫയലിൽപരിശോധനയ്ക്കായി ഹാജരാക്കിയത്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി നല്കിയ തുകയിൽ അധികം നല്കിയ തുക കഴിച്ച് ബാക്കിതുക 8,10,664/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികം നല്കിയ തുക സംബന്ധിച്ചുള്ള വിശദവിവരം ഖണ്ഡിക 3-7 ൽ ചേർത്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച് 15.03.2023 ൽ 34-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-31 തെരുവ് വിളക്ക് സ്ഥാപിക്കൽ - അനർഹമായ തുക നൽകി - ഇതര അപാകതകൾ

നഗരസഭ നടപ്പാക്കിയ പ്രോജക്ട് നമ്പർ 342/22 പ്രകാരമുള്ള എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ, പ്രോജക്ട് നമ്പർ 267/22 പ്രകാരമുള്ള തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ എന്നിവയുടെ നിർവ്വഹണത്തിൽ അപാകതകൾ സംഭവിച്ചിട്ടുള്ളതായി കാണുന്നു. നിരക്ക് നൽകിയതിലും പാനൽ എഞ്ചിനീയർമാർക്ക് വേതനം നൽകിയതിലുമാണ് ചട്ടം പാലിച്ചിട്ടില്ലാത്തതായി കാണുന്നത്. വിശദ

വിവരം ഭാഗം 3-1 ൽ ഉൾപ്പെട്ടുത്തിയിരിക്കുന്നു.

1-32 പൊതു ടാപ്പകളുടെ വെള്ളക്കരം

പൊതു ടാപ്പകളുടെ വെള്ളക്കരം ഇനത്തിൽ 4,78,51,783/- രൂപ 2021 ഡിസംബർ 31 വരെ കടിശ്ശികയുള്ളതായി കൗൺസിൽ തീരുമാനത്തിൽ (പിറവം നഗരസഭയുടെ 2.2.22ലെ 25-ാം നംപർ കൗൺസിൽ തീരുമാനം) ചേർത്തിട്ടുണ്ട്. 2021-22 വർഷം വെള്ളക്കരം ഇനത്തിൽ തുക അടവാക്കിയില്ല. മുൻകാലങ്ങളിൽ വിവിധ ഫണ്ടിൽ നിന്നും, തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുകകളുടെ വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പൊതു ടാപ്പകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി കൃത്യമായ കണക്ക് നഗരസഭ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 16.03.2023 ൽ 41-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-33 മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | (1) 359/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 45,00,000/-രൂപ, (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Tied Fund) |
| ചെലവ് തുക/ ബിൽ നം തിയതി | 1) 26,87,050/-രൂപ, ബിൽ. നം. 411 /31.3.2022 |

ഫയൽ നം. H1-1002/22

പിറവം നഗരസഭ സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിനായി 26,87,050/-രൂപ 89 സെന്റ് സ്ഥലത്തിന്റെ വിലയായി സ്ഥലം നൽകിയ സ്വകാര്യവ്യക്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുവിവരം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം / രേഖകൾ ഹാജരാക്കിയില്ല.

1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied Fund ൽ നിന്നും മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങുന്നതിനായി ലഭിച്ച സ്പഷ്ടീകരണത്തിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

2) പ്രസ്തുത സ്ഥലത്തിന് Land Value നിശ്ചയിച്ചതിനു ശേഷം കൗൺസിലിൽ വച്ച് അംഗീകാരം നേടിയിട്ടില്ല.

3) പ്രസ്തുത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

നഗരസഭ കൗൺസിൽ തീരുമാനത്തിന് വിധേയമായി സ്ഥലം വാങ്ങേണ്ടതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് 15.03.2023 ൽ 30-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-34 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പിറവം നഗരസഭ സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കിയില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|
| 148/21-22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 4,94,600/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)237/11.2.2022 തുക 2,49,000/- 2)365/27.3.22 തുക 2,45,600/- |
| | ആകെ | | 4,94,600/ |

494600/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 07.03.2023) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

1-35 ഡെപ്പോസിറ്റ് തുകകൾ

2021-22 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ B- 7 ഷെഡ്യൂൾ പ്രകാരം റെന്റ് ഡെപ്പോസിറ്റ്, Auction Deposit തുടങ്ങിയ ഇനത്തിൽ ഒരു കോടിയിലധികം രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക നഗരസഭയുടെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ ഇല്ല. മേൽ നീക്കിയിരുപ്പ് തുകയ്ക്ക് ആധാരമായ ഡെപ്പോസിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.15 തീയതി 15.03.2023) നൽകിയെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററോ മറുപടിയോ ലഭ്യമാക്കിയില്ല.

1-36 പിറവം നഗരസഭാ മന്ദിരനിർമ്മാണം (കോട്ടപ്പുറം) - ഗുരുതരമായ ക്രമക്കേടുകൾ

ഫയൽ നം . E3-1975/2019

ചെലവു ചെയ്ത തുകയുടെ വിശദാംശം

| ക്രമ നം | TRN/തീ | കോൺട്രാക്ടർക്ക് നല്കിയ തുക (ശ്രീ.മുഹമ്മദ് സുഹൈൽ) | CFO FACT RCF Building Products Ltd ന് നല്കിയ തുക | GST |
|---|---|---|---|---|
| 1 | 201203000000001217/1.6.2020 | 42,83,200/- | 57,16,800/- | - |
| 2 | 201203000000004801/27.10.2020 | 17,68,931/- | 78,79,240/- | 2,81,028/- |
| 3 | 211203000000005204/14.9.2021 | - | 48,00,000/- | 1,00,000/- |
| 4 | 211203000000007076/16.11.2021 | - | 33,60,000/- | 70,000/- |
| | ആകെ | 60,52,131/- | 2,17,56,040/- | 4,51,028/- |

സംസ്ഥാനത്ത് പുതുതായി രൂപികരിച്ച നഗരസഭകൾക്ക് Prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) നം 468/2019/തസ്വഭവ തി.1.3.2019 പ്രകാരം 3 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL) നെ നിർവ്വഹണ ഏജൻസിയായാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നഗരസഭ തനത് ഫണ്ടിലേയ്ക്ക് (ട്രഷറി) 3 കോടി രൂപ അനുവദിച്ചു നല്കിയിട്ടുള്ളതാണ്. ഈ നിർമ്മാണ പ്രവർത്തനത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്ന പരാമർശങ്ങൾക്ക്/അപാകതകൾക്ക് രേഖകൾ / വിശദീകരണം ലഭ്യമാക്കിയില്ല.

(A)നിർമ്മാണ പ്രവർത്തനത്തിലെ അപാകതകൾ

1.സർക്കാർ ഉത്തരവു പ്രകാരം പിറവം നഗരസഭയുടെ വില്ലേജ് സർവ്വേ 596/6/2, 597/1/4 എന്നീ നംപരിലുള്ള 36 സെന്റ് സ്ഥലം Supplyco Suberben Mall കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടുകൊടുത്ത നടപടിയോടൊപ്പം തയ്യാറാക്കിയ എഗ്രിമെന്റിൽ നഗരസഭ മന്ദിരത്തിനായി ഭൂനിരപ്പിലുള്ള നിലയും, അഞ്ചാം നിലയും, പാർക്കിംഗ് സൗകര്യങ്ങളും അനുവദിച്ച തീരുമാനമായിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് പുതുതായി രൂപികരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാന്റ് അനുവദിച്ച സാഹചര്യത്തിൽ നഗരസഭയ്ക്ക് നിലവിലുള്ള സ്ഥല സൗകര്യങ്ങൾ സംബന്ധിച്ച് സർക്കാരിൽ അറിയിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. Permit No. BA(260356)/2019 പ്രകാരം കാർഷിക കേന്ദ്ര നിർമ്മാണത്തിനാണ് പെർമ്മിറ്റ് ലഭിച്ചിട്ടുള്ളത്. കോട്ടപ്പുറത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3.ഈ നിർമ്മാണ പ്രവർത്തനത്തിനായി പ്രോജക്റ്റ് തയ്യാറാക്കി DPC അംഗീകാരം നേടിയിട്ടില്ല.

4.സർക്കാർ ഉത്തരവുകൾ പ്രകാരമാണ് [ (1) G.O.(Rt)No.190/2019/LSGD തീ. 29.01.2019 (2) സ.ഉ.(സാധാ)നം468/2019/തസ്വഭവ തീ. 01.03.2019] പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL) നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഏറ്റെടുത്ത പ്രവർത്തി നേരിട്ട് നിർവ്വഹിക്കേണ്ടതാണ്. ബിനാമി കരാർ (കോൺട്രാക്ടർക്ക്) പ്രകാരം പ്രവർത്തി ഏല്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ FACT- RCF Building Products Ltd (FRBL) പ്രവർത്തി കരാർ നല്കുന്നതിനായി ക്ഷണിച്ച ടെൻഡർ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

5. Cost Effective പ്രവൃത്തികൾ നടപ്പാക്കുമ്പോൾ നിലവിലുള്ള DSR അടിസ്ഥാനമാക്കി പരമ്പരാഗതരീതിയിലുള്ള നിർമ്മാണത്തിനായി കണക്കാക്കുന്നതിനേക്കാൾ ചെലവ് കുറവായിരിക്കേണ്ടതാണ്. ആയതിനാൽ Prefab Design Technology അടിസ്ഥാനമാക്കി FACT- RCF Building Products Ltd (FRBL) തയ്യാറാക്കിയ DPR, DSR 2016 അടിസ്ഥാനമാക്കി തയ്യാറാക്കിയ Detailed Estimate എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും Prefab Design Technology അടിസ്ഥാനമാക്കി FACT- RCF Building Products Ltd (FRBL) തയ്യാറാക്കിയ DPR മാത്രമാണ് ഹാജരാക്കിയത്.

6. പിറവം നഗരസഭയുടെ 29.2.2020ലെ 58ാം നംപർ കൌൺസിൽ തീരുമാനപ്രകാരം കരാർ ഏജൻസിയായ FRBL ന് സർഫാസി ആക്ടുമായി ബന്ധപ്പെട്ട CFRG Plantൽ നിർമ്മാണ പ്രവർത്തനങ്ങൾ

നിലച്ചതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ജിപ്സം ഷീറ്റ് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ ടി കെട്ടിട നിർമ്മാണം Solid Block Brick ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കൗൺസിൽ അംഗീകാരം നേടിയിട്ടുള്ളതാണ്. (FRBL Project മാനേജരുടെ 24/7/2019ലെ FRBL/2019-20/PMC/GM/95/10 കത്തിന്റെ അടിസ്ഥാനത്തിൽ). ഇക്കാര്യം സർക്കാരിൽ അറിയിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല. പിന്നീട് ജിപ്സം പാനൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടപ്പാക്കിയതിന് കൗൺസിൽ അംഗീകാരം നേടിയിട്ടില്ല.

7. കരാർ ഏജൻസിയായ FRBL ന് സർഫാസി ആക്ടുമായി ബന്ധപ്പെട്ട CFRG Plantൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ജിപ്സം ഷീറ്റ് വിതരണം ചെയ്യാൻ സാധിക്കാത്തതാണ് എന്നറിയിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ജിപ്സം പാനൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടപ്പാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുന്നതിന് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല.

8. സർക്കാർ ഉത്തരവുകൾ പ്രകാരം പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL) നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് കെട്ടിടം പൂർണ്ണമായി Prefab Design Technology അടിസ്ഥാനമാക്കി നിർമ്മാണം നടത്തുന്നതിനാണ്. എന്നാൽ ഗ്രൗണ്ട് ഫ്ലോർ, സെല്ലാർ എന്നിവ പൂർണ്ണമായും Solid Block Brick ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. FACT- RCF Building Products Ltd (FRBL) നല്കിയ ജിപ്സം പാനൽ സംബന്ധിച്ച ബില്ലിൽ (ഇൻവോയ്സ് നം.FRBL/E/006 തീ. 13.08.2020, തുക 4,34,367/-) 324 $M^2$ ഭിത്തി ഏരിയ മാത്രമാണ് Prefab Design Technology അടിസ്ഥാനമാക്കി നിർമ്മാണം നടത്തിയിട്ടുള്ളത്. (ആകെ ഏരിയയായി DPR ൽ ചേർത്തിട്ടുള്ളത് 1800 $M^2$ ആണ്.) Prefab Design Technology അടിസ്ഥാനമാക്കിയുള്ള നിർമ്മാണത്തിന്റെ ഗുണനിലവാരം നഗരസഭ എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും, ഷീറ്റ് റൂഫിംഗ് ചെയ്യുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റ് നല്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കില്ല. അനധികൃത നിർമ്മാണമാണ് ഇപ്രകാരം നടപ്പാക്കിയിട്ടുള്ളത്.

നിലവിലുണ്ടായിരുന്ന ഒരു അംഗൻവാടിയും കർഷക കേന്ദ്രകെട്ടിടത്തിന്റെ ഒരു ഭാഗവും പൊളിച്ചു മാറ്റിയതിനു ശേഷമാണ് നഗരസഭ മന്ദിരം നിർമ്മിച്ചത്. ആയതിനാൽ അംഗൻവാടി കെട്ടിടത്തിനായും, കർഷക കേന്ദ്രകെട്ടിടത്തിനായും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ മറ്റ് ഫണ്ടുകൾ (MP/MLA ഫണ്ടുകൾ) ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമായിട്ടുണ്ട്. നിർമ്മിച്ചിട്ടുള്ള കെട്ടിടമാകട്ടെ നഗരസഭ മന്ദിരത്തിനു യോജിച്ചതുമല്ല. കടമുറിയും മറ്റുമാണ് ചേർന്നത്. പ്രസ്തുത കെട്ടിടത്തിൽ ആകെ ഒരു അംഗൻവാടി മാത്രമാണ് പ്രവർത്തിക്കുന്നത്, ബാക്കി കെട്ടിടം നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം.5 തീ.07.03.2023) മറുപടി ലഭ്യമാക്കിയില്ല. അധിക തുക നല്കിയതു സംബന്ധിച്ചും മറ്റ് അപാകതകളും ഖണ്ഡിക 3-5 ൽ ചേർത്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനും വിധേയമായി ഖ.3-5 ലെ അധികമായി ചെലവഴിച്ച 2,02,10,678/-രൂപ കഴിച്ച് ബാക്കി തുക 80,48,521/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 നഗരസഭാ മന്ദിരം - ഫർണിഷിംഗ് ചെലവുകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നഗരസഭാ മന്ദിരം - ഫർണിഷിംഗ് ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | (1) 148/21-22(SO),<br>(2) 115/21-22(SO) |
| അടങ്കൽ തുക / ഫണ്ട് | 1) 15,00,000/-രൂപ, തനത് ഫണ്ട്<br>2) 3,00,000/- തനത് ഫണ്ട് |
| ചെലവ് തുക/ ബിൽ നം തിയതി | 1)924380/-രൂപ, ചെക്ക് നം.310623/31.3.2022<br>2)195164/-രൂപ, EFMS/31.3.2022 (IT)<br>3)195164/-രൂപ, EFMS/31.3.2022 (GST) |

പിറവം നഗരസഭ സെക്രട്ടറി 2019-20വർഷം നടപ്പാക്കിയ നഗരസഭ മന്ദിരം (സബർബൻ മാളിൽ പ്രവർത്തിക്കുന്ന) ഫർണിഷിംഗ് എന്ന പ്രോജക്ടിനായി 2021-22 വർഷത്തിൽ 13,14,708/- രൂപ മീനച്ചിൽ റബർവുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ ചെലവുവിവരം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദാംശങ്ങൾ /രേഖകൾ ഹാജരാക്കിയില്ല.

1. KURDFC യിൽ നിന്നും ലഭിക്കുന്ന ലോൺ മുഖേന പ്രവൃത്തി നടപ്പാക്കുന്നതിനാണ് പ്രോജക്ടിൽ അംഗീകാരം നേടിയിട്ടുള്ളത്. ലോൺ ലഭിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3. നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിൻ പ്രകാരമാണോ തുക നല്കിയത് എന്ന് വ്യക്തമല്ല. തൻവർഷം ചെലവഴിച്ച തുകയുടെ ബിൽ വിശദാംശം മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡിന്റെ ഏത് ബിൽ പ്രകാരമാണ് എന്ന് വ്യക്തമല്ല. സ്ഥാപനവുമായി ചമച്ച കരാറിൽ തുക സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് തുക സംബന്ധിച്ച വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

4. ഒരു വർഷം ഒരു പ്രവർത്തിയ്ക്കായി രണ്ട് സ്പിൽ ഓവർ പ്രോജക്റ്റ് മുഖേന തുക ചെലവഴിച്ചത് ഏതു സാഹചര്യത്തിലാണ് എന്ന് വിശദീകരിച്ചിട്ടില്ല.
5. കെട്ടിടത്തിന് ഫയർ NOC ലഭിച്ചതിന്റെ വിശദാംശം പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് വിധേയമായി തൻവർഷം ചെലവഴിച്ച തുക 13,14,708/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (വിശദാംശങ്ങൾ ഹാജരാക്കുന്നത് സംബന്ധിച്ച് 15.03.2023 ലെ 25-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ വിശദാംശങ്ങൾ ഹാജരാക്കുകയോ ചെയ്തില്ല.)

.

## 1-38 സോളിഡ് ബ്ലോക്ക് മേസണറി - നിരക്ക് നൽകൽ അപാകം - 1362/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിയിൽ സോളിഡ് ബ്ലോക്ക് മേസണറിയുടെ നിരക്ക് നൽകിയതിൽ അപാകത ഉണ്ട്. പ്രോജക്ട് നമ്പർ 337/22 പ്രകാരമുള്ള ലക്ഷം വീട് പദ്ധതി അടിസ്ഥാന സൗകര്യ വികസനം എന്ന പ്രൊജക്ടിന്റെ സോളിഡ് ബ്ലോക്ക് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് രണ്ടാം നില വരെയുള്ള സോളിഡ് ബ്ലോക്ക് പ്രവൃത്തിയുടെ കോഡ് 50.6.2.2 പ്രകാരമുള്ള 5900.82 ആണ്. എന്നാൽ രണ്ടാം നിലക്ക് മുകളിലുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-39 ടെണ്ടർ എക്സസ് നൽകൽ - അപാകം - 11220/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിക്ക് ടെണ്ടർ എക്സസ് നൽകിയതിൽ അപാകത ഉണ്ട്. പ്രോജക്ട് നമ്പർ 268/22 പ്രകാരമുള്ള പാണൻനട – ചമ്പക്കുളം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിലാണ് ഇപ്രകാരം അപാകത ഉള്ളത്. വിശദ വിവരം ഭാഗം 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-40 ഷെൽട്ടർ ഹോം നിർമ്മാണം - ഗുരുതര അപാകതകൾ

തെരുവിൽ കഴിയുന്നവർക്കും വയോജനങ്ങൾക്കും താമസ സൗകര്യം ഒരുക്കുന്നതിന് മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സിന്റെ കീഴിലുള്ള നാഷണൽ ലൈവ് ലി ഹുഡ് മിഷൻ ( എൻ യു എൽ എം ) പ്രൊജക്ടിന്റെ ഭാഗമായി നഗരസഭ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുണ്ട്. നഗരസഭയിലെ 13-ാം വാർഡിലെ സർവ്വെ നം 190/5 ൽ ഉള്ളതും 16.19 ആർ വിസ്തീർണ്ണവുമുള്ള ഗവ: ഈസ്റ്റ് എൽ പി സ്കൂൾ (നിർത്തലാക്കിയത്) ആണ് 3 കോടി രൂപ അടങ്കലിൽ ഷെൽട്ടർ ഹോം ആയി പരിവർത്തനം നടത്തുന്നതിന് തിരഞ്ഞെടുത്തത്. നിർമ്മാണം പൂർത്തിയായ ഷെൽട്ടർ ഹോമിന്റെ ഉദ്ഘാടനം 2022 ഓഗസ്റ്റ് 6 ന് നടത്തി. നിലവിൽ 5 അന്തേവാസികളാണ് ഷെൽട്ടർ ഹോമിൽ ഉള്ളത്. ഷെൽട്ടർ ഹോം നിർമ്മാണത്തിന്റെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (പി എം സി ) തിരഞ്ഞെടുത്തിട്ടുള്ളത് കെ എസ് ഇ ബി യെയാണ്. കെ എസ് ഇ ബി, സി സി ജി കൺസ്ട്രക്ഷൻസ്, രാമമംഗലം എന്ന സ്ഥാപനത്തിന് നിർമ്മാണ കരാർ നൽകി.

പ്രൊജക്ടിന് ആകെ ലഭിച്ച വരവ്, ചെലവ് എന്നിവ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വരവ് | 29280000 |
| ആകെ ചെലവ് | 27222853 |

ആകെ ചെലവിൽ 12800000/- രൂപയാണ് 2021-22 ൽ ( 30.03.2022 ) ൽ ചെലവ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും വർഷം തിരിച്ച് കൃത്യമായ കണക്ക് ലഭിച്ചില്ല.

വരവിന്റെ വിശദ വിവരം

| ഇൻസ്റ്റാൾമെന്റ് നം | ഉത്തരവ് നം | പാസ്സ് ബുക്കിൽ വരവ് വന്ന തീയതി | തുക |
|---|---|---|---|
| 1 | 4868/F /2015/30.03.2017 | 31.03.2017 | 12000000 |
| 2 | - | 29.03.2021 | 12000000 |
| 3 | 838/F/2021/KSHO | 01.12.2021 | 3600000 |

| | | | |
|---|---|---|---|
| 4 | - | 04.11.2022 | 1680000 |
| ആകെ | | | 29280000 |

ചെലവിന്റെ വിശദ വിവരം

കെ എസ് ഇ ബിക്ക് നൽകിയ തുക

| ക്രമ നം | തുക |
|---|---|
| 1 | 203361 |
| 2 | 985071 |
| ആകെ | 1188432 |

സി സി ജി കൺസ്ട്രക്ഷന് നൽകിയ തുക

| ക്രമ നം | തുക | കിഴിവ് ചെയ്ത തുക | | |
|---|---|---|---|---|
| | | ജി എസ് റ്റി | ഐ റ്റി | കെ സി ഡബ്ല്യു ഡബ്ല്യു എഫ് |
| 1 | 2172833 | 38800 | 29100 | 21728 |
| 2 | 3657845 | 65569 | 48989 | 36578 |
| 3 | 4952021 | 88428 | 66322 | 49520 |
| 4 | 4257668 | 76030 | 76030 | 42577 |
| 5 | 9502843 | 169694 | 169694 | 95028 |
| 6 | 1281040 | 22876 | 22876 | 12810 |
| ആകെ | 25824250 | 461397 | 413011 | 258241 |

ഇതര ചെലവുകൾ

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | സ്ട്രക്ച്ചറൽ ഡ്രോയിംഗ് | 160000 |
| 2 | ഇലക്ട്രിസിറ്റി കണക്ഷൻ | 41076 |
| 3 | വാട്ടർ കണക്ഷൻ ഫീസ് | 9095 |
| ആകെ | | 210171 |

പ്രായോഗിക വശങ്ങൾ പരിഗണിക്കാതെ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുള്ളത് സംബന്ധിച്ചും പ്രൊജക്ട് ഗുണപ്രദമാക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശം ഉൾപ്പെടുത്തിയുമുള്ള ഓഡിറ്റ് പരാമർശം 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം 1-40 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് നിർമ്മാണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലേയും തുക നൽകലിലേയും അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകി (2/3.3.2023,10 /8.3.2023,32/15.03.2023). പ്രസ്തുത എൻക്വയറിയിലെ ഓഫീസ് & മെയിന്റനൻസ് സംബന്ധിച്ചുള്ള എൻക്വയറിക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1) ജി എസ് റ്റി ബിൽ ലഭ്യമല്ല.

പിറവം നഗരസഭയും പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ (പി എം സി ) കെ എസ് ഇ ബി യും തമ്മിൽ ഒപ്പ് വെച്ച 21.06.2019 ലെ OA/AE/LSGD/MS/PVM-19-20 എഗ്രിമെന്റിലെ അപ്പൻഡിക്സ് 1.1 ലെ വ്യവസ്ഥ പ്രകാരം കെ എസ് ഇ ബിക്ക് അനുവദനീയമായ സെന്റേജ് ചാർജ് 3.90 % ആണ്. നാളിതുവരെ കെ എസ് ഇ ബിക്ക് അനുവദിച്ച സെന്റേജ് ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| സെന്റേജ് ചാർജ് | ജി എസ് റ്റി |
|---|---|
| 1188432 | 461397 |

പിറവം നഗരസഭയും കെ.എസ്.ഇ.ബി. യും ഒപ്പ് വെച്ച എഗ്രിമെന്റ് പ്രകാരം സെന്റേജ് ചാർജിന് പ്രാബല്യമുള്ള ജി എസ് റ്റി നൽകാം. എന്നാൽ കെ എസ് ഇ ബി ജി എസ് റ്റി ബിൽ ലഭ്യമാക്കുകയോ ജി എസ് റ്റി അടവാക്കിയതിന്റെ രേഖ ലഭ്യമാക്കുകയോ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ജി എസ് റ്റി ഇനത്തിൽ നൽകിയ 461397/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസപ്പെടുത്തുന്നു.

സപ്ലിമെന്ററി എഗ്രിമെന്റിലെ അപാകതകൾ താഴെ ചേർക്കുന്നു.

നഗരസഭയിൽ ഇതേ വർഷം തന്നെ നടപ്പാക്കിയ ഇതര മണ്ണ് ഫില്ലിംഗ് പ്രവൃത്തികൾക്ക് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നിരക്ക് 317/cum ആണ്. ആയതിനേക്കാൾ വലിയ ഉയർന്ന നിരക്കാണ് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇതര ഇനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് എന്നാൽ ഈയിനത്തിന് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമല്ലാത്തതിനാൽ നിരക്ക് നിർണ്ണയിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഒബ്സർവ്ഡ് ഡാറ്റ പ്രകാരമാണ് നിരക്ക് നൽകിയതെങ്കിൽ ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം അനുവദിച്ച 6,18,800/- (1077954 – 459154 ) രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

2) ഒ &എം ചെലവ് ചട്ടവിരുദ്ധമായി തനത് ഫണ്ടിൽ നിന്ന് നൽകുന്നു.

(A)ഷെൽട്ടർ ഹോമിന്റെ ദൈനം ദിന നടത്തിപ്പിന് (ഒ & എം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പ്രകാരം ഓഫീസ് & മെയിന്റനൻസ് ഫണ്ടിനത്തിലെ ചെലവിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ചെലവ് ഇനം | വൗച്ചർ നം | തുക |
|---|---|---|---|
| 1 | ഉദ്ഘാടനം | 52/1/23/13.01.22, 53/1/23/13.01.22 | 24939 |
| 2 | ശമ്പളം | 54/1/23/13.01.22 | 30000 |
| 3 | സപ്ലൈകോ | 55/1/23/13.01.22 | 9309 |
| 4 | വെജിറ്റബിൾ | 56/1/23/13.01.22 | 775 |
| 5 | വെജിറ്റബിൾ | 78/1/25/13.02.23 | 1440 |
| 6 | സപ്ലൈകോ | 29/2/3/25.02.23 | 2949 |
| 7 | ഗ്യാസ് കണക്ഷൻ | 49/11/22/9.11.22 | 11554 |
| ആകെ | | | 80966 |

ഷെൽട്ടർ ഹോം നടത്തിപ്പ് സംബന്ധിച്ച മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സ് പുറത്തിറക്കിയ നാഷണൽ അർബൻ ലൈവ് ലി ഹുഡ് മിഷൻ (എൻ യു എൽ എം) ഡോക്യുമെന്റ് (ഷെൽട്ടർ ഹോം നിർമ്മാണ നിബന്ധന) പ്രകാരം ഷെൽട്ടർ ഹോമിൽ കുറഞ്ഞത് 50 അന്തേവാസികൾ ഉണ്ടായിരിക്കണം. പ്രസ്തുത നിബന്ധന പാലിക്കുകയാണെങ്കിൽ മാത്രമാണ് ഷെൽട്ടർ ഹോമിന്റെ ദൈനം ദിന ചെലവിനുള്ള തുക ലഭിക്കുകയുള്ളൂ. പ്രസ്തുത അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.10/08.03.23) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 50 അന്തേവാസികൾ ഉണ്ടെങ്കിൽ മാത്രമേ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് ഒ & എം തുക ലഭിക്കുകയുള്ളൂ എന്നും ആയതിനാലാണ് തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചത് എന്നും അറിയിച്ചു. ആയതിന് നഗരസഭ കൗൺസിൽ 22/12/2022 ലെ 9-ാം നം തീരുമാന പ്രകാരം ആയത് അംഗീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. കൂടാതെ കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് തുക ലഭിക്കുന്ന മുറക്ക് നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്നും അറിയിച്ചു. നിബന്ധനകൾ പാലിക്കാത്തതിനാൽ തുക ലഭിക്കില്ല എന്നിരിക്കെ ഇത്തരം ഒരു തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമല്ല. ഇക്കാരണത്താൽ 80966/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

(B) എൻ യു എൽ എം ഷെൽട്ടർ ഹോം പ്രകാരം 100 അന്തേവാസികൾ ഉണ്ടെങ്കിൽ മാത്രമാണ് ഷെൽട്ടർ ഹോം നടത്തിപ്പിന് ജീവനക്കാരെ നിയമിക്കാൻ സാധിക്കുന്നത്. നിലവിൽ 5 അന്തേവാസികളാണ് ഷെൽട്ടർ ഹോമിലുള്ളത്. എന്നാൽ നഗരസഭ 3ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വ്യവസ്ഥകൾക്ക് വിരുദ്ധമായി ജീവനക്കാരെ നിയമിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ശമ്പളയിനത്തിൽ 3000/-രൂപ വൗച്ചർ നം.54/1/23/13.01.22 പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്.

3) പ്രവൃത്തി നിർവ്വഹണം ഉറപ്പ് വരുത്താൻ സാധിച്ചില്ല.

പിറവം നഗരസഭയുടെ 2021-22വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 9.03.2023ന് 2.30 മണിക്ക് ഷെൽട്ടർ ഹോമിന്റെ സ്ഥല പരിശോധന നടത്തി. നഗരസഭ സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗം, എൻ യു എൽ എം, ഓഡിറ്റ് വിഭാഗം എന്നിവയിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ചില പ്രവൃത്തികൾ കാണാൻ സാധിച്ചില്ല. പ്രൊജക്ടിന്റെ എം ബുക്ക്, ഡീറ്റയിൽഡ് ബിൽ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് ഇനങ്ങളുടെ പരിശോധന നടത്തിയത്. ചെലവും തദനുസൃതമായാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു( സ്ഥലപരിശോധന റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).

(A) ഷെൽട്ടർ ഹോം നിർമ്മാണത്തിന്റേയും, സ്റ്റോക്ക് & സ്റ്റോർ പരിശോധനയുടേയും ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ താഴെ പറയുന്ന ഇനങ്ങളുടെ നിർവ്വഹണം നടത്തിയത് എവിടെ എന്ന് കാണാൻ

കഴിഞ്ഞില്ല.

1. സോളാർ വർക്ക്.

2. ഫയർ & സേഫ്റ്റി.

3. കംപോസ്റ്റിംഗ് മഷീൻ.

4. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

5. എലവേറ്റർ

6. സെപ്റ്റിക്ക് ടാങ്ക്

സംയുക്തമായി 9.03.2023ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിയാതിരുന്ന ഇനങ്ങൾ നഗരസഭ തുടർ പരിശോധന നടത്തി വിശദീകരിച്ച് നൽകാൻ സാധിക്കുമെങ്കിൽ 15.03.2023, 16.03.2023 എന്നീ തീയതികളിൽ വിശദീകരിച്ച് നൽകണമെന്നാവശ്യപ്പെട്ടെങ്കിലും അപ്രകാരം ചെയ്യാൻ നഗരസഭക്ക് സാധിച്ചില്ല. കൂടാതെ മേൽ ഇനങ്ങൾക്ക് അനുവദിച്ച തുകയുടെ വിവരവും തുക അനുവദിച്ചിട്ടില്ലയെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മേൽ ഇനങ്ങളുടെ ചെലവിനത്തിലെ 5108156/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

| ക്രമ നം | ഇനം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ഇലക്ട്രിഫിക്കേഷൻ, സോളാർ വർക്ക്. | 1963671 | ഇലക്ട്രിഫിക്കേഷൻ ചെയ്തിട്ടുണ്ടെങ്കിലും സോളാർ പ്രവൃത്തി സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 2 | ഫയർ & സേഫ്റ്റി. | 341370 | |
| 3 | കംപോസ്റ്റിംഗ് മഷീൻ. | 469615 | |
| 4 | സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്. | 1033500 | |
| 5 | എലവേറ്റർ | 900000 | |
| 6 | സെപ്റ്റിക്ക് ടാങ്ക് | 400000 | |
| ആകെ | | 5108156 | |

(B)റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായി യഥാർത്ഥ പ്രവൃത്തിയിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

(C)പ്രൊജക്ടിന്റെ എം ബുക്ക്, ഡീറ്റയിൽഡ് ബിൽ എന്നിവ കെ എസ് ഇ ബി യോ, കരാറുകാരോ നഗരസഭക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

4) എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയിട്ടില്ല.

ചീഫ് എൻജിനീയർ, എൽ എസ് ജി ഡി ,അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി, പിറവം നഗരസഭക്ക് നൽകിയിട്ടുള്ള 27/09/2019 ലെ DB2-12870/2018/CE/LSGD കത്ത് പ്രകാരം തുക നൽകുന്നതിന് മുൻപ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓരോ ഘട്ടത്തിലും പരിശോധന നടത്തണം (കത്തിലെ ക്രമ നം. 5). ഇപ്രകാരം പരിശോധന നടത്തിയതിന്റെ രേഖ/റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കാതിരുന്നതിനാൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. കൂടാതെ പ്രവൃത്തി മോണിറ്റർ ചെയ്തിട്ടില്ല.

5)ഫയൽ സൂക്ഷിപ്പ് ക്രമപ്രകാരമല്ല.

പ്രൊജക്ടിന്റെ ഫയൽ ലൂസ് ഷീറ്റ് അടിസ്ഥാനത്തിലും ക്രമപ്രകാരവുമല്ല സൂക്ഷിച്ചിട്ടുള്ളത്. 2019-20 ഓഡിറ്റ് വർഷത്തിലും ഷെൽട്ടർ ഹോം സംബന്ധിച്ചുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതും ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ നിലവിലും ഫയൽ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. മാത്രവുമല്ല എം ബുക്ക്, മോണിറ്ററിംഗ് റിപ്പോർട്ട് മുതലായ അവശ്യ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1.പ്രൊജക്ടിന്റെ ഫയൽ കൃത്യമായും ക്രമപ്രകാരവും സൂക്ഷിക്കേണ്ടതാണ്.

2.സി സി ജി കൺസ്ട്രക്ഷൻസിന് അധികമായി അനുവദിച്ച 459154/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

3.ഓഡിറ്റിൽ തടസപ്പെടുത്തിയ താഴെ പറയുന്ന തുകകളുടെ (ആകെ 6269319/-) ചെലവുകൾ സംബന്ധിച്ച് പരിശോധന നടത്തി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

(A) കെ എസ് ഇ ബി ക്ക് സെന്റേജ് ചാർജ് ജി എസ് റ്റി ഇനത്തിൽ നൽകിയ 461397/-രൂപ (ഖ.3-6)

(B)സപ്ലിമെന്ററി എഗ്രിമെന്റിലെ അപാകത മൂലം നിരാകരിച്ചതും സി സി ജി കൺസ്ട്രക്ഷന് അനുവദിച്ച 618800/- രൂപ.

(C)ഒ & എ ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച 80966/- രൂപ.

(D)പ്രവൃത്തി നിർവ്വഹണം ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ തടസപ്പെടുത്തിയ 5108156/- രൂപ.

(4) സ്ഥലപരിശോധനയിൽ കണ്ടെത്താൻ സാധിക്കാതിരുന്ന ഇനങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുകയും അധിക വിവരങ്ങൾ ലഭിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതും സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതുമാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-41 മണ്ണ് ഫില്ലിംഗ് - നിരക്ക് നൽകൽ അപാകം - 9208/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിൽ മണ്ണ് ഫില്ലിംഗിന്റെ നിരക്കിൽ അപാകത ഉണ്ട്. പ്രോജക്ട് നമ്പർ 315/22 പ്രകാരമുള്ള താലൂക്ക് ആശുപത്രി ഡയാലിസിസ് വേസ്റ്റ് വാട്ടർ ടാങ്ക് പൂർത്തീകരണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിലാണ് ഇപ്രകാരം അപാകത സംഭവിച്ചത്. വിശദ വിവരം ഭാഗം 3-4 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-42 എ യു ഇ ജി എസ് - അപാകങ്ങൾ

1. ജി എസ് റ്റി കിഴിവ് ബില്ലിൽ കാണിച്ചിട്ടില്ല.

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃതമായി കിഴിവ് ചെയ്യേണ്ട ജി എസ് റ്റി - റ്റി ഡി എസിന്റെ വിവരം ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. 2017 ലെ ജി എസ് റ്റി നിയമത്തിലെ വകുപ്പ് 51(10) പ്രകാരം ബില്ലിൽ കരാറുകാരന് നൽകാനുള്ള തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിൽ ജി എസ് റ്റി റ്റി ഡി എസ് കുറവ് ചെയ്യണം. എന്നാൽ 2021-22 ൽ പ്രവൃത്തി പൂർത്തീകരിച്ചതും നിലവിൽ തുക അനുവദിക്കുന്നതിന് ബിൽ തയ്യാറാക്കിയിട്ടുള്ളതുമായ ഫയലുകളിൽ ഇപ്രകാരം കുറവ് രേഖപ്പെടുത്തിയല്ല ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/04.03.23) ലഭ്യമാക്കിയ മറുപടിയിൽ ജി എസ് റ്റി കിഴിവ് ചെയ്യുന്നതാണെന്ന് അറിയിച്ചു.

2. ബിൽ സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലിൽ വെണ്ടർമാർ വിതരണം ചെയ്ത മെറ്റീരിയലുകളുടെ ബിൽ സൂക്ഷിച്ചിട്ടില്ല. ബില്ലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.4/04.03.23) നൽകിയ മറുപടിയിൽ ബില്ലുകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

## 1-43 ഫ്ലഡ് ഷെൽട്ടർ ഹോം - 3280008/- രൂപ നഷ്ടമായി, 308992/- രൂപയുടെ ചെലവ് നിഷ്ക്രിയമായി

നഗരസഭ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പാക്കിയ ഷെൽട്ടർ ഹോം നിർമ്മാണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ അപാകത കാണുന്നു. താഴെ പറയുന്ന അപാകതകളാണ് സംഭവിച്ചിട്ടുള്ളത്.

1.ഒരു ഷെൽട്ടർ ഹോം ഉണ്ടായിരിക്കെ മറ്റൊന്ന് കൂടി നിർമ്മാണം ആരംഭിച്ച് പാതി വഴിയിൽ ഉപേക്ഷിച്ചു.

2.നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചതിനാൽ 308992/- രൂപയുടെ ചെലവ് നിഷ്ക്രിയമായി.

3.പ്രൊജക്ട് സമയബന്ധിതമായും പൂർണ്ണമായും നടപ്പാക്കാതിരുന്നതിനാൽ 3280008/- രൂപ നഗരസഭക്ക് നഷ്ടമായി.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 19/10.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 341/22 |
| പ്രോജക്ടിന്റെ പേര് | ഷെൽട്ടർ സ്ഥാപിക്കൽ - പ്രകൃതി ദുരിത ബാധിതർക്ക് താൽക്കാലിക താമസത്തിന് |
| അടങ്കൽ | 308992/- |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് | 308992/- |
| ബിൽ നം | 184/30/12/2021 |
| എം ബുക്ക് നം | 35/AE/PVM/20-21 |
| കരാറുകാരൻ | ഗീത സഹദേവൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ വിശദമായി താഴെ ചേർക്കുന്നു.

1. പ്രളയ ദുരിതം അനുഭവിക്കുന്നവർക്ക് താൽക്കാലിക താമസത്തിന് ഒരു കെട്ടിടം പണിയുന്നതിനാണ് പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് (TS No 50822/2020-21, EST NO 2020/18339) തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ ഫൗണ്ടേഷൻ മാത്രമാണ് പണിതിട്ടുള്ളത്. കെട്ടിടനിർമ്മാണം പാതി വഴിയിൽ അവസാനിപ്പിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. നിലവിൽ കെട്ടിടത്തിന്റെ തറപണി മാത്രമാണ് പൂർത്തിയായിട്ടുള്ളത്.

2. 2018 ലെ പ്രളയം ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതം അനുവദിച്ച സ.ഉ(സാധാ) നം 9823/2019/ധന12.12.2019 പ്രകാരം ജനറൽ വിഹിതം ഇനത്തിൽ ലഭിച്ച 35,89,000/- രൂപ വകയിരുത്തി ഷെൽട്ടർ ഹോം നിർമ്മാണവും, പ്രളയത്തിൽ തകർന്ന ലൈബ്രറി കെട്ടിടത്തിന്റെ പുനരുദ്ധാരണവുമാണ് ഏറ്റെടുത്തിരുന്നത്. 2019- 20 ൽ ആവിഷ്കരിച്ച ഷെൽട്ടർ ഹോം നിർമ്മാണത്തിന്റെ ആദ്യ ഘട്ട തുക 2020-21 ലാണ് നഗരസഭക്ക് നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ പ്രൊജക്ടിന്റെ ഇനിയുള്ള നിർവ്വഹണത്തിന് പുതിയ പ്രൊജക്ട് ആവിഷ്കരിച്ച് അംഗീകാരം നേടേണ്ടത് ഉണ്ട്. ഇക്കാര്യം സംബന്ധിച്ചും പ്രത്യേക ഇനത്തിൽ അനുവദിച്ച ഫണ്ട് നഗരസഭക്ക് നഷ്ടപ്പെടാനിടയായത് സംബന്ധിച്ചും അറിയിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3.നഗരസഭയിലെ 13-ാം വാർഡിൽ മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സ് മിഷൻ പദ്ധതി പ്രകാരം സർവ്വെ നം 190/5 ൽ 16.19 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 3 കോടി രൂപ ചെലവിൽ ഷെൽട്ടർ ഹോം സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ 100 പേരെ താമസിപ്പിക്കാം. എന്നാൽ 3 പേരാണ് ലഭ്യമാക്കിയ രേഖകൾ പ്രകാരം നിലവിൽ താമസക്കാരായുള്ളത്. പ്രസ്തുത കെട്ടിടം നിലനിൽക്കെ പുതിയ ഷെൽട്ടർ ഹോം നിർമ്മാണത്തിന് പ്രൊജക്ട് തയ്യാറാക്കി നടപ്പാക്കാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല.

4.ഫ്ലഡ് ഷെൽട്ടർ ഹോം നിർമ്മാണം ആരംഭിച്ച സ്ഥലത്തിന്റെ റവന്യു രേഖകൾ, ആസ്തി രജിസ്റ്റർ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാണെങ്കിൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

5.ലൈബ്രറി കെട്ടിടത്തിന്റെ പുനരുദ്ധാരണം കൂടി പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച തുക പ്രായോഗികത നോക്കാതെയും ദീർഘവീക്ഷണമില്ലാതെയും പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിനാൽ നഷ്ടപ്പെടുകയും, നിർമ്മിതി നിഷ്ക്രിയമാകുകയും ചെയ്യുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ തറ മാത്രം നിർമ്മിച്ച് പ്രൊജക്ട് ഉപേക്ഷിക്കുന്ന നിലയിലാണ് ഉള്ളത്. ഇക്കാരണത്താൽ 308992/-രൂപ നിഷ്ക്രിയ ചെലവായി മാറി. കൂടാതെ പ്രൊജക്ട് പൂർണ്ണമായി നടപ്പാക്കാതിരുന്നതിനാൽ 3280008/- രൂപ (3589000 – 308992) ലഭിക്കുകയോ ആയതിനാൽ ചെലവഴിക്കാൻ സാധിക്കുകയുമുണ്ടായില്ല. നഗരസഭ ഇക്കാര്യം സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-44 പാഴൂർ ആറ്റുതീരം പാർക്ക് വാച്ചർക്ക് അനധികൃതമായി വേതനം നൽകി

ടൂറിസം വകുപ്പിൽ നിന്നുള്ള 1 കോടി 35 ലക്ഷം രൂപ വിനിയോഗിച്ച് നഗരസഭ പണി കഴിപ്പിച്ച പാഴൂർ ആറ്റുതീരം പാർക്ക് നടത്തിപ്പ് ചുമതല ലേലം വഴി മുവാറ്റുപുഴ ടൂറിസം സഹകരണ സംഘത്തിന് നൽകിയിരുന്നു. എന്നാൽ കരാറുകാരൻ കരാർ വ്യവസ്ഥകൾ ലംഘിച്ച് പാർക്ക് നടത്തിപ്പവകാശം ഉപേക്ഷിച്ച് പോയ സാഹചര്യത്തിൽ നഗരസഭ നടത്തിപ്പ് പുനർ ലേലം നടത്തേണ്ടതിനു പകരം പാർക്കിന്റെ ശുചീകരണത്തിനായി ഒരു വാച്ചറെ താൽക്കാലികമായി നിയമിച്ച് വേതനം നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രതിമാസം 9000/- രൂപ നിരക്കിൽ ഈ ഇനത്തിൽ വാച്ചർക്ക് പ്രതിഫലം നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും ചെലവഴിച്ചുവരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താതെ പാർക്ക് ലേലം കൊള്ളാൻ നാളിതുവരെയും ആരും എത്തിയിട്ടില്ലാത്തതിനാൽ കോടികൾ ചെലവഴിച്ച പദ്ധതിയിൽ നിന്നും നഗരസഭക്ക് വരുമാനമൊന്നും ലഭിക്കാത്ത സ്ഥിതിയാണ്.

വരുമാനം ഇല്ലാത്ത സാഹചര്യത്തിലും സ്വീപ്പർ തസ്തികയിൽ ദിവസവേതനത്തിന് ആളെ നിയമിച്ചതിനാൽ ആവർത്തനച്ചെലവിനത്തിലും തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വന്നു. നഗരസഭയുടെ വിവിധ ശുചീകരണപ്രവർത്തനങ്ങൾക്കായി സ്ഥിരനിയമനം വഴി കണ്ടിജന്റ് വിഭാഗം ജീവനക്കാരെ നിയമിച്ച് തനത്ഫണ്ടിൽ നിന്നും വേതനം നല്കുന്ന സാഹചര്യത്തിൽ അവരുടെ സേവനം പ്രയോജനപ്പെടുത്താതെ യാതൊരു വരുമാനവുമില്ലാത്ത പാഴൂർ ആറ്റുതീരം പാർക്കിന്റെ ശുചീകരണത്തിനായി സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമല്ലാതെ, പ്രത്യേക നിയമനം നടത്തി തനത്ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-22 തീയതി 10/03/2023) മറുപടി ലഭ്യമാക്കിയില്ല. ശുചീകരണപ്രവർത്തനങ്ങൾക്കായി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സ്ഥിരനിയമനം നടത്തിയ സാഹചര്യത്തിൽ താത്കാലികമായി ശുചീകരണജോലികൾക്ക് വീണ്ടും ആളെ നിയമിച്ച് തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-45 ഹോമിയോ മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് | 9/22, ഹോമിയോ മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 400000/- |
| ചെലവ് വിവരം | 400000/-രൂപ (ബിൽ നമ്പർ/തീയതി- 112/2021-22 തീയതി 11.02.2022 |

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 400000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 'ഹോംകോക്ക്' നൽകിയിട്ടുണ്ട്. (PFNo.1423/27.01.2022:100000/-, PFNo.1356/14.01.2022:300000/-) LF.1169ഇൻവോയ്സ് പ്രകാരം 108294/-രൂപയുടെ സാധനങ്ങളാണ് രേഖകൾ പ്രകാരം ലഭിച്ചിട്ടുള്ളത്. 291706/-രൂപയുടെ മരുന്ന് ലഭ്യമാകാത്തതിനാൽ പ്രസ്തുത ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്നമുറക്ക് സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി രേഖകൾ സഹിതം തുടർന്നുള്ള ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ - അനർഹമായ തുക നൽകി - ഇതര അപാകതകൾ

നഗരസഭ നടപ്പാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കലിന്റെ രണ്ട് പ്രൊജക്ടുകളിൽ അപാകതകൾ സംഭവിച്ചു. വിശദവിവരം താഴെ ചേർക്കുന്നു.

1.എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ.

ഫയൽ നം - E1 -1667/21

നഗരസഭ നടപ്പാക്കിയ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ അപാകം സംഭവിച്ചിട്ടുള്ളതായി കാണുന്നു. നിരക്ക് നൽകിയതിലും പാനൽ എഞ്ചിനീയർമാർക്ക് വേതനം നൽകിയതിലുമാണ് ചട്ടം പാലിച്ചിട്ടില്ലാത്തതായി കാണുന്നത്. പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 342/22<br>(സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് |
| അടങ്കൽ | 150000/- |
| ഫണ്ടിനം | എസ് സി പി |
| ചെലവ് | 149485/- |

| | |
|---|---|
| ബിൽ നം | 230/08/02/2022 |
| എം ബുക്ക് നം | 20/AE/PVM/20-21 |
| കരാറുകാരൻ | നിർമ്മൽ ലൈറ്റ്സ്, ഏലൂർ, എറണാകുളം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

നഗരസഭയുടെ 12/02/2021 ലെ E1-1667/21 നം ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മൽ ലൈറ്റ്സിനെ പ്രവൃത്തി നിർവ്വഹണത്തിന് തിരഞ്ഞെടുത്തത്.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.
1. കരാറുകാരൻ നിരക്ക് രേഖപ്പെടുത്തിയതിലെ അപാകത.

നഗരസഭ 3 ഇനങ്ങൾ പ്രത്യേകം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് |
|---|---|---|
| 1 | 90.15.4.1<br>Supply ,Conveyance And Installation Of 20 W LED Street Light | 2288.45/each |
| 2 | 90.3.18.1<br>Supply ,Fabrication....Gl Pipe.. | 289.52/ |
| 3 | Od 1087073/2020-21<br>Supply And Providing 2.5 Sqmm 2 Core ...Cable | 17.42/m |

പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ നിർമ്മൽ ലൈറ്റ്സ് സമർപ്പിച്ച ടെണ്ടറിൽ ഒറ്റ ഇനത്തിന് അതായത് 20 W LED Street Light ഫിറ്റിംഗ് ഉൾപ്പെടെയുള്ള നിരക്കാണ് (1400/Each) രേഖപ്പെടുത്തിയിട്ടുള്ളത്. നഗരസഭ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ്/അധികം എന്ന നിലയിലാണ് യഥാർത്ഥത്തിൽ കരാറുകാർ ടെണ്ടർ രേഖപ്പെടുത്തേണ്ടത്. എന്നാൽ നിർമ്മൽ ലൈറ്റ്സ് ടെണ്ടറിൽ കൂടുതൽ/കുറവ് എന്ന് രേഖപ്പെടുത്താഞ്ഞിട്ടും സ്ഥാപനം രേഖപ്പെടുത്തിയ നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 46.4% ആയി നഗരസഭ കണക്കാക്കി ടെണ്ടർ സ്വീകരിക്കുകയും അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ക്രമപ്രകാരമല്ലാത്ത ടെണ്ടർ സ്വീകരിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2.തുക നൽകിയതിലെ അപാകത

എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ പുതിയ ഇനം ഉൾപ്പെടുത്തി (സെൻസർ ഉള്ള LED Street Light) നഗരസഭ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

| ക്രമ നം | ഇനം | നിരക്ക് |
|---|---|---|
| 1 | 90.15.4.1<br>Supply ,Conveyance And Installation Of 20 W LED Street Light | 1250/each |
| 2 | 90.3.18.1<br>Supply ,Fabrication....Gl Pipe.. | 289.52/ |
| 3 | Od 1087073/2020-21<br>Supply And Providing 2.5 Sqmm 2 Core ...Cable | 17.42/m |
| 4 | 90.15.4.1<br>Supply, Conveyance And Installation Of 20 W LED Street Light.. With Sensor | 1468.75/Each |

നിർമ്മൽ ലൈറ്റ്സിന്റെ 5.11.2021 ലെ B2B/022 നം ബില്ലിന്റെ അടിസ്ഥാനത്തിൽ 144145 രൂപ (നികുതികൾ കിഴിച്ച്) സ്ഥാപനത്തിന് നൽകുകയും ചെയ്തു. ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം കരാർ സ്ഥാപനങ്ങളിൽ നിന്നും 2% നികുതി ഉറവിടത്തിൽ കുറവ് ചെയ്യണം. എന്നാൽ ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് റ്റി ഡി എസ് കുറവ് ചെയ്തതിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചു.

| | |
|---|---|
| ഈടാക്കേണ്ട ആദായ നികുതി റ്റി ഡി എസ്<br>(@ 2% ) | 2670 |
| ഈടാക്കിയ റ്റി ഡി എസ് (@ 1 % ) | 1335 |
| കുറവ് | 1335 |

റ്റി ഡി എസ് ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

3. സർക്കാർ ഉത്തരവ് (സാധാ) 3033/2014/തസ്വഭവ തീയതി 21.11.2014, (സാധാ) 2878/2015/തസ്വഭവ തീയതി 22.09.2015 പ്രകാരം ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ PWD Electrical വിഭാഗത്തിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം എന്ന നിലയിലാണ് പാനൽ എഞ്ചിനിയർമാരുടെ സേവനം അനുവദിച്ചിട്ടുള്ളതും, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നീ പ്രവൃത്തികൾക്കായി നിശ്ചിത നിരക്കിൽ റമ്യൂണറേഷൻ നിശ്ചയിച്ചിട്ടുള്ളതും. എന്നാലിവിടെ (തെരുവ് വിളക്കുകൾ സ്ഥാപിക്കൽ) ഇത്തരത്തിലൊരു എസ്റ്റിമേറ്റ് തയ്യാറാക്കലിന്റെയോ, സൂപ്പർ വിഷന്റെയോ ആവശ്യകതയില്ല. നിർമ്മൽ ലൈറ്റ്സ് എന്ന സ്ഥാപനത്തിന്റെ ലൈറ്റുകൾ അവർ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച് നൽകിയതിന് തുക അനുവദിച്ച് നൽകുക മാത്രമാണിവിടെ ചെയ്തിട്ടുള്ളത്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സൂപ്പർവിഷൻ, മോണിറ്ററിംഗ് എന്നിവ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടേയും, ജനപ്രതിനിധികളുടേയും മേൽനോട്ടത്തിലാണ് നടത്തുന്നത്. എന്നാൽ നഗരസഭ പാനൽ എഞ്ചിനീയർമാർക്ക് താഴെ പറയും പ്രകാരം സൂപ്പർവിഷൻ, മോണിറ്ററിംഗ് ചെലവുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| എസ്റ്റിമേറ്റ് തയ്യാറാക്കൽ @ 3% | 4485/- |
| ചെക്ക് മെഷർമെന്റ് @ 1% | 1495/- |

4.പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റുകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള പഴയ ലൈറ്റുകളുടെ വിവരം, അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, നിലവിലെ സ്ഥിതി വിവരം എന്നിവയും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 1/03.03.2023) ക്ക് നൽകിയ മറുപടിയിൽ ഇലക്ട്രിക്കൽ പ്രവൃത്തി ആയതിനാലും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമാണ് ഇലക്ട്രിക്കൽ പാനൽ എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തിയത് എന്നറിയിച്ചു. എന്നാൽ പ്രസ്തുത മറുപടി സർക്കാർ ഉത്തരവ് (സാധാ) 3033/2014/തസ്വഭവ തീയതി 21.11.2014, (സാധാ) 2878/2015/തസ്വഭവ തീയതി 22.09.2015 എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

പാനൽ എഞ്ചിനിയർമാർക്ക് ക്രമവിരുദ്ധമായി നൽകിയ 5980/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ആദായ നികുതി റ്റി ഡി എസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്. പഴയ ലൈറ്റുകളുടെ വിവരം, അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ

ഫയൽ നം - E1 - 8937/21

നഗരസഭ നടപ്പാക്കിയ തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ അപാകത സംഭവിച്ചിട്ടുള്ളതായി കാണുന്നു. പാനൽ എഞ്ചിനീയർമാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി വേതനം നൽകിയിട്ടുണ്ട്. അപാകം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 11/09.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 267/22 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ മെയിന്റനൻസ്/ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 490000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 490000/- |
| ബിൽ നം | 2136754294/24.11.21 |
| എം ബുക്ക് നം | 17/AE/PVM/20-21 |
| കരാറുകാരൻ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

സർക്കാർ ഉത്തരവ് (സാധാ) 3033/2014/തസ്വഭവ തീയതി 21.11.2014, (സാധാ) 2878/2015/തസ്വഭവ തീയതി 22.09.2015 പ്രകാരം ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ PWD Electrical വിഭാഗത്തിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം എന്ന നിലയിലാണ് പാനൽ എഞ്ചിനിയർമാരുടെ സേവനം അനുവദിച്ചിട്ടുള്ളതും, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നീ പ്രവൃത്തികൾക്കായി നിശ്ചിത നിരക്കിൽ

റമ്യൂണറേഷൻ നിശ്ചയിച്ചിട്ടുള്ളതും. എന്നാലിവിടെ (തെരുവ് വിളക്കുകൾ സ്ഥാപിക്കൽ) ഇത്തരത്തിലൊരു എസ്റ്റിമേറ്റ് തയ്യാറാക്കലിന്റെയോ, സൂപ്പർ വിഷന്റെയോ ആവശ്യകതയില്ല. യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ലൈറ്റുകൾ അവർ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച് നൽകിയതിന് തുക അനുവദിച്ച് നൽകുക മാത്രമാണിവിടെ ചെയ്തിട്ടുള്ളത്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സൂപ്പർവിഷൻ, മോണിറ്ററിംഗ് എന്നിവ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടേയും, ജനപ്രതിനിധികളുടേയും മേൽനോട്ടത്തിലാണ് നടത്തുന്നത്. എന്നാൽ എം ബുക്ക് /ബിൽ എന്നിവ പ്രകാരം നഗരസഭ പാനൽ എഞ്ചിനീയർമാർക്ക് താഴെ പറയും പ്രകാരം സൂപ്പർവിഷൻ, മോണിറ്ററിംഗ് ചെലവുകൾ നൽകിയിട്ടുണ്ട്.

ഫസ്റ്റ് പാർട്ട് ബിൽ/ഫൈനൽ ബിൽ എന്നിവ പ്രകാരം തുക അനുവദിച്ചതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റ് തയ്യാറാക്കൽ @ 3% | 12318/- |
| ചെക്ക് മെഷർമെന്റ് @ 1% | 4878/- |

ക്രമവിരുദ്ധമായി പാനൽ എഞ്ചിനിയർമാർക്ക് തുക അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കിയില്ല.

2.പുതിയ ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റുകളിൽ നിന്നും നീക്കം ചെയ്തിട്ടുള്ള പഴയ ലൈറ്റുകളുടെ വിവരം, അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

3.സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

പാനൽ എഞ്ചിനിയർമാർക്ക് ക്രമവിരുദ്ധമായി നൽകിയ 17196/-രൂപ തിരികെ ഈടാക്കേണ്ടതാണ്. ആദായ നികുതി റ്റി ഡി എസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്. പഴയ ലൈറ്റുകളുടെ വിവരം, അവയുടെ സ്റ്റോക്ക് രേഖപ്പെടുത്തൽ, നിലവിലെ സ്ഥിതി വിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

3-2 സോളിഡ് ബ്ലോക്ക് മേസണറി - നിരക്ക് നൽകിയതിലെ അപാകത - 1362/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിയിൽ സോളിഡ് ബ്ലോക്ക് മേസണറിയുടെ നിരക്ക് നൽകിയതിൽ അപാകത സംഭവിച്ചിട്ടുള്ളതായി കാണുന്നു. പ്രൊജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 337/22 |
| പ്രോജക്ടിന്റെ പേര് | ലക്ഷം വീട് പദ്ധതി അടിസ്ഥാന സൗകര്യ വികസനം |
| അടങ്കൽ | 200000/- |
| ഫണ്ടിനം | എസ് സി പി |
| ചെലവ് | 150876/- |
| ബിൽ നം | 405/30/03/2022 |
| എം ബുക്ക് നം | 54/AE/PVM/21 - 22 |
| കരാറുകാരൻ | ഗോകുൽ സി ഗുപ്തൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

പ്രൊജക്റ്റ് എസ്റ്റിമേറ്റിലെ ഇനം 6 ന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 50.6.1.3 Solid Block Masonry Using Pre Cast Blocks...above Floor Two Up To Floor V | .834 | 7595.13/cum | 6334.34 |

പ്രസ്തുത ഇനത്തിന് എം ബുക്ക് പേജ് നം 14 പ്രകാരം താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| 50.6.1.3 Solid Block Masonry Using Pre Cast Blocks...above Floor Two Up | .804 | 7595.13/cum | 6106.48 |

| | | | | |
|---|---|---|---|---|
| To Floor V | | | | |

കിണർ/വാട്ടർ ടാങ്ക് അറ്റകുറ്റപ്പണിയാണ് പ്രൊജക്ട് പ്രകാരം നിർവ്വഹിച്ചിട്ടുള്ളത്. ആയതിന്റെ സോളിഡ് ബ്ലോക്ക് പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് രണ്ടാം നില വരെയുള്ള സോളിഡ് ബ്ലോക്ക് പ്രവൃത്തിയുടെ കോഡ് 50.6.2.2 പ്രകാരമുള്ള നിരക്ക് 5900.82/-രൂപ ആണ്. ഇക്കാരണത്താൽ 1362 (6106- 4744) രൂപ കരാറുകാരന് അധികം അനുവദിച്ചിട്ടുള്ളതായി കാണുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം 8/07.03.2023 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

കരാറുകാരന് അധികം നൽകിയ 1362/- രൂപ തിരികെ ഈടാക്കി എസ് സി പി ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-3 ടെണ്ടർ എക്സസ് നൽകൽ - അപാകത - 11220/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയ്ക്ക് ടെണ്ടർ എക്സസ് നൽകിയതിൽ അപാകം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 268/22 |
| പ്രോജക്ടിന്റെ പേര് | പാണൻനട – ചമ്പക്കുളം റോഡ് റീടാറിംഗ്. |
| അടങ്കൽ | 1104974/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) |
| ചെലവ് | 1104974/- |
| ബിൽ നം | 319/24/03/2022 |
| എം ബുക്ക് നം | 25/AE/PVM/21 - 22 |
| കരാറുകാരൻ | ജോയ് തോമസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം 8/7.03.2023 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% അധികം രേഖപ്പെടുത്തിയതിനാൽ 16.09.2021 ലെ സർക്കാർ ഉത്തരവ് (സാധാ) നം 1778/2021/തസ്വഭവ പ്രകാരം ടെണ്ടറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക്/പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി എസ് ആർ നിരക്കിനോട് 10 % കൂട്ടി ചേർത്ത നിരക്ക് എന്നിവ പരിഗണിച്ച് പ്രാദേശിക വിപണി നിരക്ക് പ്രകാരമുള്ള കുറഞ്ഞ നിരക്കായ 8.86% അധികം അനുവദിക്കുകയാണ് ചെയ്തത്. നഗരസഭയിൽ ടെണ്ടർ അധികം രേഖപ്പെടുത്തിയ പ്രവൃത്തികളുടെ അധിക തുക നൽകുന്നതിന് പ്രത്യേകം പ്രൊജക്ട് (352/22)തയ്യാറാക്കി ആണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായി പ്രൊജക്ട് നം.268/22ന്റെ തുക നൽകിയപ്പോൾ അധിക തുക നൽകി.

പ്രസ്തുത പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 352/22 |
| പ്രോജക്ടിന്റെ പേര് | ടെണ്ടർ അധിക തുക നൽകൽ |
| അടങ്കൽ | 100000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് ( റോഡ്) |
| ചെലവ് | 73126/- |
| ബിൽ നം | 378/29/03/2022 |

പ്രസ്തുത പ്രൊജക്ടിന്റെ കീഴിൽ 268/22 പ്രകാരമുള്ളതും മുകളിൽ പരാമർശിച്ചിട്ടുള്ളതുമായ പാണൻനട – ചമ്പക്കുളം റോഡ് റീടാറിംഗ് പ്രവൃത്തിക്ക് ടെണ്ടർ എക്സസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകത സംഭവിച്ചിട്ടുണ്ട്.

പ്രൊജക്ടിന് 75.5.5.B.2.pb Modified Penetration Macadam 75 Mm എന്ന ഇനം ഉൾപ്പെടുത്തി (എസ്റ്റിമേറ്റ് നിരക്ക് 359.84) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും താഴെ പറയും പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പേജ് നം | 20 |
| അളവ് | 351.93 |
| നിരക്ക് | 359.84 |
| അനുവദിച്ച തുക | 126638 |

എന്നാൽ പിന്നീട് പ്രൊജക്ട് നം 352/22, ടെണ്ടർ അധിക തുക നൽകലിന്റെ ഭാഗമായി പ്രസ്തുത ഇനത്തിനും 8.86% നിരക്കിൽ അധിക തുക അനുവദിച്ചിട്ടുണ്ട്. ഇക്കാരണത്താൽ 11220 രൂപ (@ 8.86% 126638 ) അധികം നൽകി.

ഓഡിറ്റ് നിർദ്ദേശം

ടെണ്ടർ അധിക തുക നൽകലിന്റെ ഭാഗമായി കരാറുകാരന് അനുവദിച്ച 11220/- രൂപ തിരികെ ഈടാക്കി മെയിന്റനൻസ് ഗ്രാന്റിൽ (റോഡ്) അടവാക്കേണ്ടതാണ്.

### 3-4 മണ്ണ് ഫില്ലിംഗ് - നിരക്ക് നൽകൽ അപാകത - 9208/- രൂപ അധികം നൽകി.

നഗരസഭ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിൽ മണ്ണ് ഫില്ലിംഗിന്റെ നിരക്കിൽ അപാകത സംഭവിച്ചിട്ടുള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 315/22 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രി ഡയാലിസിസ് വേസ്റ്റ് വാട്ടർ ടാങ്ക് പൂർത്തീകരണം |
| അടങ്കൽ | 126000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 116573/- |
| ബിൽ നം | 299/18/03/2022 |
| എം ബുക്ക് നം | 28/AE/PVM/20-21 |
| കരാറുകാരൻ | ജോയി റ്റി സി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 3.3.2023 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രൊജക്ട് എസ്റ്റിമേറ്റിലെ ഇനം 11 ന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| Od1493722/2021-22 Filling With Department Own Earth (Excluding Rock) In Layers Not Exceeding 20 Cm In Depth Consolidating Each Deposited Layer By Ramming An Watering,Lead Up To 50 Cm And Lift Up To 1.5 M As Per Direction. | 36 Cum | 462.84 | 16662.24 |

ഈ ഇനത്തിന്റെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയപ്പോൾ മണ്ണ് ഡിപ്പാർട്ട്മെന്റ് വിതരണം ചെയ്തത് ആണെങ്കിലും ആയതിന്റെ നിരക്കായ 129.71 ഉൾപ്പെടെയാണ് നിരക്ക് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത നിരക്ക് കൂടി ഉൾപ്പെടുത്തി കരാറുകാരന് നൽകിയ തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| അളവ് | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 45 Cum | 462.84 | 258.20 | 20827.80 | 11619 | 9208 |

ഓഡിറ്റ് നിർദ്ദേശം

മണ്ണ് ഫില്ലിംഗ് ഇനത്തിൽ കരാറുകാരന് നൽകിയ 9208/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

### 3-5 സർഫാസി ആക്ട് പ്രകാരം അടച്ചുപൂട്ടിയ കമ്പനിക്ക് നഗരസഭാ മന്ദിരം നിർമ്മാണത്തിനായി തുക അനുവദിച്ചു - നല്കിയ തുക തിരികെ ഈടാക്കണം

ഫയൽ നം. E3-1975/2019

സംസ്ഥാനത്ത് പുതുതായി രൂപികരിച്ച നഗരസഭകൾക്ക് Prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ 12 കോടി വകയിരുത്തിയതിൽ നിന്നും പിറവം നഗരസഭയ്ക്ക് 3 കോടി രൂപ അനുവദിച്ച് സ.ഉ. (സാധാ) നം 468/2019/തസ്വഭവ തീ.1.3.2019 പ്രകാരം പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL) നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി ഉത്തരവ് ആയിട്ടുള്ളതാണ്. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം നഗരസഭയുടെ ട്രഷറി അക്കൗണ്ടിൽ 3 കോടി രൂപ അനുവദിച്ച നല്കിയിട്ടുണ്ട്. ഈ നിർമ്മാണത്തിനായി

ചെലവു ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | TRN/തി | കോൺട്രാക്ടർക്ക് നല്കിയ തുക (ശ്രീ.മുഹമ്മദ് സുഹൈൽ) | CFO FACT RCF Building Products Ltd ന് നല്കിയ തുക | GST |
|---|---|---|---|---|
| 1 | 201203000000001217/1.6.2020 | 42,83,200/- | 57,16,800/- | - |
| 2 | 201203000000004801/27.10.2020 | 17,68,931/- | 78,79,240/- | 2,81,028/- |
| 3 | 211203000000005204/14.9.2021 | - | 48,00,000/- | 1,00,000/- |
| 4 | 211203000000007076/16.11.2021 | - | 33,60,000/- | 70,000/- |
| | ആകെ | 60,52,131/- | 2,17,56,040/- | 4,51,028/- |

ഈ നിർമ്മാണ പ്രവർത്തനത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചുവടെ ചേർക്കുന്നു. പരാമർശങ്ങൾക്ക്/അപാകതകൾക്ക് രേഖകൾ/വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

(A)നിർമ്മാണ പ്രവർത്തനത്തിലെ അപാകതകൾ

1.സർക്കാർ ഉത്തരവ്വ പ്രകാരം പിറവം നഗരസഭയുടെ വില്ലേജ് സർവ്വേ 596/6/2, 597/1/4 എന്നീ നമ്പറിലുള്ള 36 സെന്റ് സ്ഥലം Supplyco Suberben Mall കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വിട്ടുകൊടുത്ത നടപടിയോടൊപ്പം തയ്യാറാക്കിയ എഗ്രിമെന്റിൽ നഗരസഭ മന്ദിരത്തിനായി ഭൂനിരപ്പിലുള്ള നിലയും, അഞ്ചാം നിലയും, പാർക്കിംഗ് സൗകര്യങ്ങളും അനുവദിച്ച തീരുമാനമായിട്ടുള്ളതാണ്. സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാന്റ് അനുവദിച്ച സാഹചര്യത്തിൽ നഗരസഭയ്ക്ക് നിലവിലുള്ള സ്ഥല സൗകര്യങ്ങൾ സംബന്ധിച്ച് സർക്കാരിൽ അറിയിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. Permit No. BA(260356)/2019 പ്രകാരം കാർഷിക കേന്ദ്ര നിർമ്മാണത്തിനാണ് പെർമിറ്റ് ലഭിച്ചിട്ടുള്ളത്. ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3. ഈ നിർമ്മാണ പ്രവർത്തനത്തിനായി പ്രോജക്റ്റ് തയ്യാറാക്കി DPC അംഗീകാരം നേടിയിട്ടില്ല.

4. സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL) നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. [(1) G.O(Rt)No.190/2019/LSGD Dtd 29.01.2019, (2) സ.ഉ.(സാധാ)നം.468/2019/തസ്വഭവ തീ.01.03.2019] ഏറ്റെടുത്ത പ്രവൃത്തി നേരിട്ട് നിർവ്വഹിക്കണം. ബിനാമി കരാർ (കോൺട്രാക്ടർക്ക്) പ്രകാരം പ്രവൃത്തി ഏല്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ FACT- RCF Building Products Ltd (FRBL) പ്രവൃത്തി കരാർ നല്കുന്നതിനായി ക്ഷണിച്ച ടെൻഡർ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

5. Cost Effective പ്രവൃത്തികൾ നടപ്പാക്കുമ്പോൾ നിലവിലുള്ള DSR അടിസ്ഥാനമാക്കി പരമ്പരാഗതരീതിയിലുള്ള നിർമ്മാണത്തിനായി കണക്കാക്കുന്നതിനേക്കാൾ ചെലവ് കറവായിരിക്കേണ്ടതാണ്. ആയതിനാൽ Prefab Design Technology അടിസ്ഥാനമാക്കി FACT- RCF Building Products Ltd (FRBL) തയ്യാറാക്കിയ DPR, DSR 2016 അടിസ്ഥാനമാക്കി തയ്യാറാക്കിയ Detailed Estimate എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും Prefab Design Technology അടിസ്ഥാനമാക്കി FACT- RCF Building Products Ltd (FRBL) തയ്യാറാക്കിയ DPR മാത്രമാണ് ഹാജരാക്കിയത്.

6. പിറവം നഗരസഭയുടെ 29.2.2020ലെ 58-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കരാർ ഏജൻസിയായ FRBL ന് സർഫാസി ആക്റ്റുമായി ബന്ധപ്പെട്ട CFRG Plantൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ജിപ്സം ഷീറ്റ് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ ടി കെട്ടിട നിർമ്മാണം Solid Block Brick ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കൗൺസിൽ അംഗീകാരം നേടിയിട്ടുള്ളതാണ്. (FRBL Project മാനേജരുടെ 24/7/2019 ലെ FRBL/2019-20/PMC/GM/95/10 കത്തിന്റെ അടിസ്ഥാനത്തിൽ). ഇക്കാര്യം സർക്കാരിൽ അറിയിച്ച് അംഗീകാരം നേടുകയോ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. മാത്രമല്ല പിന്നീട് ജിപ്സം പാനൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടപ്പാക്കിയതിന് കൗൺസിൽ അംഗീകാരം നേടിയിട്ടില്ല.

7. കരാർ ഏജൻസിയായ FRBL ന് സർഫാസി ആക്റ്റുമായി ബന്ധപ്പെട്ട CFRG Plantൽ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ജിപ്സം ഷീറ്റ് വിതരണം ചെയ്യാൻ സാധിക്കാത്തതാണ് എന്നറിയിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ജിപ്സം പാനൽ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടപ്പാക്കിയത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുന്നതിന് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല.

8.സർക്കാർ ഉത്തരവുകൾ പ്രകാരം പൊതുമേഖല സ്ഥാപനമായ FACT- RCF Building Products Ltd (FRBL)

നെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് കെട്ടിടം പൂർണ്ണമായി Prefab Design Technology അടിസ്ഥാനമാക്കി നിർമ്മാണം നടത്തുന്നതിനാണ്. എന്നാൽ ഗ്രൗണ്ട് ഫ്ലോർ, സെല്ലാർ എന്നിവ പൂർണ്ണമായും Solid Block Brick ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. FACT- RCF Building Products Ltd (FRBL) നല്കിയ ജിപ്സം പാനൽ സംബന്ധിച്ച ബില്ലിൽ 324 $M^2$ ഭിത്തി ഏരിയ മാത്രമാണ് Prefab Design Technology അടിസ്ഥാനമാക്കി നിർമ്മാണം നടത്തിയിട്ടുള്ളത്. (ആകെ ഏരിയയായി DPR ൽ ചേർത്തിട്ടുള്ളത് 1800 $M^2$ ആണ്.) Prefab Design Technology അടിസ്ഥാനമാക്കിയുള്ള നിർമ്മാണത്തിന്റെ ഗുണനിലവാരം നഗരസഭ എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും, ഷീറ്റ് റൂഫിംഗ് ചെയ്യുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റ് നല്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക ലഭ്യമാക്കില്ല. അനധികൃത നിർമ്മാണമാണ് ഇപ്രകാരം നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ഇലക്ട്രിക് വർക്കുകൾക്കായി KSEB യിൽ നിന്നുള്ള എസ്റ്റിമേറ്റ്, സൂപ്പർ വിഷൻ നടത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

(B). തുക നൽകിയതിലെ അപാകതകൾ

1.നൽകാവുന്ന തുക:

(I) കോൺട്രാക്ടർക്ക് നൽകാവുന്ന തുക : FACT RCF Building Products Ltd ജനറൽ മാനേജർ നല്കിയ ചെലവ് പത്രിക പ്രകാരം കോൺട്രാക്ടർക്ക് നൽകേണ്ടതായിട്ടുള്ള തുക 64,99,809/- രൂപയാണ്. സർക്കാർ ഉത്തരവ് നം 118/2018/Fin തി.3.8.2018 പ്രകാരവും പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.5.2020ലെ ഡിസി3/117/2020 നം കത്ത് മുഖേനയും തുക കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് അക്രഡിറ്റഡ് ഏജൻസിയുടെ നിർദ്ദേശപ്രകാരം തുക നേരിട്ട് നൽകേണ്ടതാണ്. അതിനാൽ കെട്ടിടം നിർമ്മിച്ച സാഹചര്യത്തിൽ നിർമ്മാണചെലവായി കോൺട്രാക്ടർക്ക് നല്കാവുന്ന തുക 64,99,809/- രൂപയും അതിന്റെ 12% GST തുകയും പാർട്ട് ബില്ലിൽ നിന്നും പിടിച്ച് റീടെൻഷൻ തുകയുമാണ് (നിയമാനുസൃതമായ നികുതികൾ, ഫൈൻ എന്നിവയും ഈടാക്കേണ്ടതാണ്). കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ചെലവായ തുക സംബന്ധിച്ച് നഗരസഭ എൻജിനിയർ വാല്യുവേഷൻ നടത്തി ശരിയായ കണക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(Ii)FACT RCF Building Products Ltd ന് നല്കാവുന്ന തുക: സർക്കാർ ഉത്തരവ് നം 118/2018/Fin തി.3.8.2018 പ്രകാരവും പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.5.2020ലെ ഡിസി3/117/2020 നം കത്ത് മുഖേനയും FACT RCF Building Products Ltd ന് നല്കാവുന്ന തുക നടപ്പാക്കിയ പ്രവൃത്തിയ്ക്കാനുപാതികമായി PMC ചാർജ്ജും GFRG Panel സ്ഥാപിക്കുവാൻ ചെലവായ തുകയുമാണ്. എന്നാൽ സർഫാസി ആക്റ്റ് മുഖേന അടച്ച് പൂട്ടിയകമ്പനിയക്ക് പ്രവൃത്തി നടപ്പാക്കുവാൻ നിർവ്വാഹമില്ല എന്ന് അറിയിച്ച സാഹചര്യത്തിൽ കൗൺസിൽ തീരുമാനമില്ലാതെ മെറ്റീരിയൽ ചാർജ്ജിനായും മറ്റ് ഇനങ്ങൾക്കായും 2.17 കോടി രൂപ CFO FACT RCF Building Products Ltd ന് നല്കിയ നടപടി ഉത്തരവുകളുടെ ലംഘനവും ഗുരുതരമായ അപാകതയുമാണ്. CFO FACT RCF Building Products Ltd ന് മെറ്റീരിയൽ നല്കുന്നതിനായി ആകെ 4,34,367/-രൂപയുടെ 324 സ്ക്വയർ മീറ്റർ Glass Fibre Reinforced Gypsum Board (GFRG Panel) ഇൻവോയിസ് നം FRBL/E/006 തി.13.8.2020 പ്രകാരം ചെലവായിട്ടുള്ളത്. (ഭിത്തിയുടെ പ്രവൃത്തി മാത്രം 50% ത്തിൽ കുറവാണ് FACT RCF നടപ്പാക്കിയിട്ടുള്ളത്.). ഈ സാഹചര്യത്തിൽ ആകെ അനുവദിക്കാവുന്ന തുക PMC ചാർജ്ജിനായി ആകെ കണക്കാക്കിയ തുകയുടെ 50% വും Glass FibreReinforced Gypsum Board (GRG Panel) ഉപയോഗിച്ചതിന്റെ ആകെ ചെലവും മാത്രമാണ്. FACT RCF നല്കാവുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | PMC ചാർജ്ജിന്റെ 50% (PAC, ടെൻഡർ നിരക്ക് എന്നിവ വ്യക്തമല്ലാത്ത സാഹചര്യത്തിൽ) | 15,04,089/-ന്റ 50% + GST അതായത് 7,52,045.50 + 90,245.34= 8,42,290.84/-രൂ |
| 2. | 324 സ്ക്വയർ മീറ്റർ Glass Fibre Reinforced Gypsum Board | 4,34,367/- |
| 3. | Erection Of GFRG Panel | 96,216/- |
| 4. | Filling Empty Cavities | 51,450/- |
| 5. | Application Of ZMB Solution | 68,089/- |
| 6. | Seal AllGFRG Wall Joints | 23,205/- |
| 7. | Filling Of Joints Between RCC Beam | 27,994/- |
| 8. | Stainless Steel Alrop | 1,750/- |
| | ആകെ | 15,45,361.84 =15,45,362/- |

PMC ചാർജ്ജിനായി ആകെ കണക്കാക്കിയ തുകയുടെ 50% വും Glass Fibre Reinforced Gypsum Board (GFRG Panel) ഉപയോഗിച്ചതിന്റെ ആകെ ചെലവും മാത്രമല്ലാതെ മറ്റ് ചെലവുകൾ FACT RCF ന്

നല്കുന്നതിന് അനുമതിയുമില്ല, അടച്ചുപൂട്ടിയ കമ്പനിയായതിനാൽ മെറ്റീരിയൽ നല്കുന്നതിന് സാധ്യവുമല്ല. ഉത്തരവുകൾക്ക് വിരുദ്ധമായി അധികം നല്കിയ തുക 2,02,10,678/- രൂപ CFO FACT RCF Building Products Ltd ൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.
ചുവടെ ചേർക്കുന്ന കാരണങ്ങളാൽ CFO FACT RCF Building Products Ltd ന് നല്കിയ 2,02,10,678/- രൂപ തിരികെ ഈടാക്കേണ്ടതാണ്.
(എ) കെട്ടിടം നിർമ്മിക്കുന്നതിനായി FACT RCF Building Products Ltd ജനറൽ മാനേജർ നല്കിയ ചെലവു പത്രിക പ്രകാരം കോൺട്രാക്ടർക്ക് നല്കേണ്ടതായിട്ടുള്ള തുക 64,99,809/- രൂപയാണ് എന്ന് വ്യക്തമായ കണക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുകയും നികുതികളും മാത്രമാണ് അനുവദനീയം.
(ബി)സർഫാസി ആക്ട് മുഖേന അടച്ച പൂട്ടിയ കമ്പനിയ്ക്ക് പ്രവർത്തി നടപ്പാക്കുവാൻ നിർവ്വാഹമില്ല എന്ന് അറിയിച്ച സാഹചര്യത്തിൽ FACT RCF തുകനല്കിയത് നിയമവിരുദ്ധമാണ്.
(സി)നഗരസഭയ്ക്ക് നിലവിൽ കെട്ടിടം ഉണ്ടെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല.
(ഡി) സർഫാസി ആക്ട് മുഖേന അടച്ച പൂട്ടിയ കമ്പനിയ്ക്ക് പ്രവൃത്തി നടപ്പാക്കുവാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടും നഗരസഭ കൗൺസിൽ തീരുമാനമില്ലാതെ തുക നല്കി.
(ഇ) നഗരസഭ കെട്ടിട നിർമ്മാണത്തിനായുള്ള പെർമിറ്റ് നല്കിയിട്ടില്ല. നഗരസഭ എൻജിനിയർ സൂപ്പർവിഷൻ നടത്തുന്നതിന് കൗൺസിൽ തീരുമാനമുണ്ടെങ്കിലും സൂപ്പർവിഷൻ നടത്തി ചെലവിന്റെ ആധികാരികത ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള എസ്റ്റിമേറ്റ്, ഫയർ NOC എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
(എഫ്)സർക്കാർ ഉത്തരവ് നം. 118/2018/Fin തീ.3.8.2018 പ്രകാരവും പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.5.2020ലെ ഡിസി3/117/2020 നം കത്ത് മുഖേനയും അക്രഡിറ്റഡ് ഏജൻസിയ്ക്ക് നല്കാവുന്നതുക PMC /സെന്റേജ് ചാർജ്ജ് മാത്രമാണ്.
(ജി)നിലവിൽ നിഷ്ക്രിയാസ്തിയായി കെട്ടിടം അവശേഷിക്കുന്നു.
മാത്രമല്ല നഗരസഭയ്ക്ക് കെട്ടിടം ഉണ്ടായിരിക്കെ ഇപ്രകാരം കെട്ടിടം നിർമ്മിച്ചതിനും സർഫാസി നിയമപ്രകാരം അടച്ചുപൂട്ടിയ കമ്പനിയ്ക്ക് തുക നല്കിയതിനും സർക്കാരിൽ നിന്നും സ്പഷ്ടീകരണം നേടേണ്ടതാണ്. കൂടാതെ നിർമ്മിച്ച കെട്ടിടത്തിന്റെ ചെലവ് സംബന്ധിച്ച് നഗരസഭ എൻജിനിയർ സൂപ്പർവിഷൻ നടത്തി കോൺട്രാക്ടർക്ക് നല്കാവുന്ന തുകയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. ആയതിനാൽ 2,02,10,678/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
2. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ജിയോളജിസ്റ്റ് നല്കിയ കത്തിൽ പ്രസ്തുത സ്ഥലത്ത് നിന്നും 914 $M^3$ മണ്ണ് ഖനനം ചെയ്തെടുത്തതായി അറിയിച്ചിട്ടുണ്ട്. ഈ മണ്ണിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. ഈ തുക കരാറുകാരന്റെ ബില്ലിൽ കുറവു ചെയ്യേണ്ടതാണ്. (914*317=289738/-രൂപ)

3. ഈ നിർമ്മാണ പ്രവർത്തനത്തിന്റെ ചെലവു തുകകൾ സംബന്ധിച്ച് ക്യാഷ് ബുക്കിൽ/ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ട്രഷറിയിൽ നിന്നും നേരിട്ട് തുക ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

4. ഈ നിർമ്മാണ പ്രവർത്തനം കരാർ അടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുള്ളതിനാൽ നിയമാനുസൃതമായി ബില്ലിൽ നിന്നും കുറവുചെയ്യേണ്ട നികുതികൾ ഈടാക്കിയതിന്റെ വിവരം, (4,51,028/-രൂപ GST ഒഴികെ KCWWF, IT എന്നിവ അടവാക്കിയില്ല.) പാർട്ട് ബില്ലിൽ നിന്നും റീടെൻഷൻ ഈടാക്കിയതിന്റെ വിവരം, പ്രവൃത്തി പൂർത്തികരിക്കുവാൻ കാലതാമസം നേരിട്ട കാലയളവിലേയ്ക്കുള്ള ഫൈൻ ഈടാക്കിയതിന്റെ വിവരം (22 മാസം കാലതാമസം നേരിട്ടതിനാൽ 6.5 ലക്ഷം രൂപ ഫൈൻ കണക്കാക്കിയെങ്കിലും ബില്ലിൽ കുറവു ചെയ്തിട്ടില്ല.) എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല.
നിലവിലുണ്ടായിരുന്ന ഒരു അംഗൻവാടിയും കർഷക കേന്ദ്രകെട്ടിടത്തിന്റെയും ഒരു ഭാഗം പൊളിച്ചു മാറ്റിയതിനു ശേഷമാണ് നഗരസഭ മന്ദിരം നിർമ്മിച്ചത്. ആയതിനാൽ അംഗൻവാടി കെട്ടിടത്തിനായും, കർഷക കേന്ദ്രകെട്ടിടത്തിനായും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ മറ്റ് ഫണ്ടുകൾ (MP/MLA ഫണ്ടുകൾ) ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമായിട്ടുണ്ട്. നിർമ്മിച്ചിട്ടുള്ള കെട്ടിടമാകട്ടെ നഗരസഭ മന്ദിരത്തിനു യോജിച്ചതുമല്ല. കടമുറിയും മറ്റുമാണ് ചേർന്നത്. പ്രസ്തുത കെട്ടിടത്തിൽ ആകെ ഒരു അംഗൻവാടി മാത്രമാണ് പ്രവർത്തിക്കുന്നത്, ബാക്കി കെട്ടിടം നിഷ്ക്രിയാസ്തിയായി അവശേഷിക്കുന്നു. ആയതിനാൽ നഗരസഭ മന്ദിരത്തിനുള്ള ഉപയോഗത്തിനു വിരുദ്ധമായി കടമുറിയും മറ്റും യോജിച്ച രീതിയിൽ നിർമ്മാണം നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് അധികം നല്കിയ തുക തിരികെ ഈടാക്കുന്നതിനും വിധേയമായി ആകെ ചെലവഴിച്ച തുകയിൽ നിരാകരിച്ച തുക കഴിച്ച് ബാക്കിയുള്ള തുക 80,48,521/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളതാണ്(ഖ.1-36). (2,82,59,199 - 2,02,10,678 = 80,48,521) ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം 5 തീ.7.3.2023 ) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം :
1. നഗരസഭ മന്ദിരത്തിനുള്ള ഉപയോഗത്തിനു വിരുദ്ധമായി കടമുറിയും മറ്റും യോജിച്ച രീതിയിൽ നിർമ്മാണം നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. Building Permit ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരണം നടത്തേണ്ടതാണ്.
3. നഗരസഭ എൻജിനിയർ സൂപ്പർവിഷൻ നടത്തി കോൺട്രാക്ടർക്ക് നല്കിയ തുകയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

4. CFO FACT RCF Building Products Ltd ന് നല്കിയ 2,02,10,678/- രൂപ തിരികെ ഈടാക്കേണ്ടതാണ്.
5.കെട്ടിടം ഏതെങ്കിലും വിധത്തിൽ ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
6.അംഗൻവാടി കെട്ടിടത്തിനായും, കർഷക കേന്ദ്രകെട്ടിടത്തിനായും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ എന്നും മറ്റ് ഫണ്ടുകൾ (MP/MLA ഫണ്ടുകൾ) ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ഷെൽട്ടർ ഹോം - നിർമ്മാണത്തിലെ ഗുരുതര അപാകതകൾ

തെരുവിൽ കഴിയുന്നവർക്കും വയോജനങ്ങൾക്കും താമസ സൗകര്യം ഒരുക്കുന്നതിന് മിനിസ്ട്രി ഓഫ് ഹോം & അർബൻ അഫയേഴ്സിന്റെ കീഴിലുള്ള നാഷണൽ ലൈവ് ലി ഹുഡ് മിഷൻ (എൻ യു എൽ എം) പ്രൊജക്ടിന്റെ ഭാഗമായി നഗരസഭ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുണ്ട്. നഗരസഭയിലെ 13-ാം വാർഡിലെ സർവ്വെ നം 190/5 ൽ ഉള്ളതും 16.19 ആർ വിസ്തീർണ്ണവുമുള്ള ഗവ: ഈസ്റ്റ് എൽ പി സ്കൂൾ (നിർത്തലാക്കിയത്) ആണ് 3 കോടി രൂപ അടങ്കലിൽ ഷെൽട്ടർ ഹോം ആയി പരിവർത്തനം നടത്തുന്നതിന് തിരഞ്ഞെടുത്തത്. നിർമ്മാണം പൂർത്തിയായ ഷെൽട്ടർ ഹോമിന്റെ ഉദ്ഘാടനം 2022 ഓഗസ്റ്റ് 6 ന് നടത്തി. നിലവിൽ 5 അന്തേവാസികളാണ് ഷെൽട്ടർ ഹോമിൽ ഉള്ളത്. ഷെൽട്ടർ ഹോം നിർമ്മാണത്തിന്റെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി (പി എം സി) തിരഞ്ഞെടുത്തിട്ടുള്ളത് കെ എസ് ഇ ബി യെയാണ്. കെ എസ് ഇ ബി, സി സി ജി കൺസ്ട്രക്ഷൻസ്, രാമമംഗലം എന്ന സ്ഥാപനത്തിന് നിർമ്മാണ കരാർ നൽകി.

പ്രൊജക്ടിന് ആകെ ലഭിച്ച വരവ്, ചെലവ് എന്നിവ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വരവ് | 29280000 |
| ആകെ ചെലവ് | 27222853 |

ആകെ ചെലവിൽ 12800000/- രൂപയാണ് 2021-22 ൽ (30.03.2022) ൽ ചെലവ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിട്ടും വർഷം തിരിച്ച് കൃത്യമായ കണക്ക് ലഭിച്ചില്ല.

വരവിന്റെ വിശദ വിവരം

| ഇൻസ്റ്റാൾമെന്റ് നം | ഉത്തരവ് നം | പാസ്സ് ബുക്കിൽ വരവ് വന്ന തീയതി | തുക |
|---|---|---|---|
| 1 | 4868/F /2015/30.03.2017 | 31.03.2017 | 12000000 |
| 2 | - | 29.03.2021 | 12000000 |
| 3 | 838/F/2021/KSHO | 01.12.2021 | 3600000 |
| 4 | - | 04.11.2022 | 1680000 |
| ആകെ | | | 29280000 |

ചെലവിന്റെ വിശദ വിവരം
കെ എസ് ഇ ബിക്ക് നൽകിയ തുക

| ക്രമ നം | തുക |
|---|---|
| 1 | 203361 |
| 2 | 985071 |
| ആകെ | 1188432 |

സി സി ജി കൺസ്ട്രക്ഷന് നൽകിയ തുക

| ക്രമ നം | തുക | കിഴിവ് ചെയ്ത തുക | | |
|---|---|---|---|---|
| | | ജി എസ് റ്റി | ഐ റ്റി | കെ സി ഡബ്ല്യു ഡബ്ല്യു എഫ് |
| 1 | 2172833 | 38800 | 29100 | 21728 |
| 2 | 3657845 | 65569 | 48989 | 36578 |
| 3 | 4952021 | 88428 | 66322 | 49520 |
| 4 | 4257668 | 76030 | 76030 | 42577 |
| 5 | 9502843 | 169694 | 169694 | 95028 |
| 6 | 1281040 | 22876 | 22876 | 12810 |
| ആകെ | 25824250 | 461397 | 413011 | 258241 |

ഇതര ചെലവുകൾ

| ക്രമ | ഇനം | തുക |
|---|---|---|

| നം | | |
|---|---|---|
| 1 | സ്ട്രക്ച്ചറൽ ഡ്രോയിംഗ് | 160000 |
| 2 | ഇലക്ട്രിസിറ്റി കണക്ഷൻ | 41076 |
| 3 | വാട്ടർ കണക്ഷൻ ഫീസ് | 9095 |
| ആകെ | | 210171 |

പ്രായോഗിക വശങ്ങൾ പരിഗണിക്കാതെ ഷെൽട്ടർ ഹോം നിർമ്മാണം നടത്തിയിട്ടുള്ളത് സംബന്ധിച്ചും പ്രൊജക്ട് ഗുണപ്രദമാക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശം ഉൾപ്പെടുത്തിയുമുള്ള ഓഡിറ്റ് പരാമർശം 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം 1-40 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് നിർമ്മാണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലേയും തുക നൽകലിലേയും അപാകതകൾ താഴെ ചേർക്കുന്നു.

കരാറുകാർക്ക് അധിക തുക നൽകി.

കെ എസ് ഇ ബി യും സി സി ജി കൺസ്ട്രക്ഷൻസും തമ്മിൽ ഒപ്പ് വെച്ച 30.01.2020 ലെ 20/CW/2019-20 നം എഗ്രിമെന്റ് പ്രകാരം 2,20,94,907/- രൂപയും ജി എസ് റ്റി തുകയുമാണ് സി സി ജി യുടെ കരാർ തുക. എന്നാൽ നിലവിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 25824250 രൂപ സി സി ജി കൺസ്ട്രക്ഷൻസിന് നൽകിയിട്ടുണ്ട്. കരാർ പ്രകാരം നൽകാവുന്ന തുക 24746296 (22094907+12%GST 2651389) രൂപയായിരിക്കെ 1077954/- (25824250-24746296) രൂപ അധികം നൽകിയിട്ടുണ്ട്. കരാറിലേക്കാൾ അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് കെ എസ് ഇ ബി യും സി സി ജി കൺസ്ട്രക്ഷൻസും തമ്മിൽസപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്നും അറിയിച്ചു. ഹാജരാക്കിയ സപ്ലിമെന്ററി എഗ്രിമെന്റിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| സപ്ലിമെന്ററി എഗ്രിമെന്റ് തീയതി | 2.07.2021 |
| ഉൾപ്പെടുത്തിയ ഇനം | Filling With Contractors Own Earth.. |
| നിരക്ക് | 650/cum |
| അളവ് | 850 Cum |
| തുക (12 % ജി എസ് റ്റി ഉൾപ്പെടെ) | 618800 |

സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം അനുവദിക്കാവുന്ന തുക 618800 രൂപയാണ് പക്ഷെ അനുവദിച്ചിരിക്കുന്നത് 1077954 രൂപയാണ്. സപ്ലിമെന്ററി എഗ്രിമെന്റിനേക്കാൾ അധികം അനുവദിച്ച 459154 ( 1077954 – 618800) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകി (2/3.3.2023,10/8.3.2023,32/15.03.2023). പ്രസ്തുത എൻക്വയറിയിലെ ഒ & എം (ഓഫീസ് മെയിന്റനൻസ്) സംബന്ധിച്ചുള്ള എൻക്വയറിക്ക് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ആയത് കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

## 3-7 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ - വെള്ളക്കരം കുടിശ്ശിക അധികമായി അടവാക്കി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നം / വർഷം | (1) 109/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 950,000/-രൂപ, (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ചെലവ് തുക/ബിൽ നം തിയതി | 1) 122562/-രൂപ, ബിൽ. നം. 45/5.7.2021<br>2) 127086/-രൂപ, ബിൽ. നം. 50/9.7.2021<br>3) 175274/-രൂപ, ബിൽ. നം. 71/11.8.21<br>4) 110973/-രൂപ, ബിൽ. നം. 100/16.9.2021<br>5) 48356/-രൂപ, ബിൽ. നം. 182/27.12.2021<br>6) 185647/-രൂപ, ബിൽ. നം. 246/15.2.2022<br>7) 73626/-രൂപ, ബിൽ. നം. 284/16.3.2022<br>8) 64105/-രൂപ, ബിൽ നം.164/30.11.2021<br>ആകെ : 907629/- |

പിറവം നഗരസഭ സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ

ചെലവുകൾ എന്ന പ്രോജക്റ്റിനായി 9,07,629/-രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവു തുകയുടെ ഫയൽ പരിശോധിച്ചതിൽ മേൽസൂചിപ്പിച്ചിട്ടുള്ള ക്രമ നം 1, 2 ബില്ലുകളിലെ ചെലവുകൾക്കായി ഹാജരാക്കിയത് ഒരേ സബ് വൌച്ചറുകളാണ്. കൂടാതെ CHC യിലെ 8.6.21 തീയതിയിലെ വെള്ളക്കര കുടിശ്ശികയായി 75493/- രൂപ അടവാക്കിയതിനു ശേഷം അതേ കുടിശ്ശികയ്ക്കായി 3.8.21 തീയതിയിലെ വെള്ളക്കര കുടിശ്ശികയായി വീണ്ടും 96,965/- രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. അതായത് 96,965/- രൂപ അധികം അടവാക്കിയതായി കാണുന്നുണ്ട്. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് 15.03.2023 ൽ 34-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ലൈൻനീട്ടൽ /പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22101232 Dt.28.02.22 | 588348 | 0 | 588348 |
| | | ആകെ | 588348 | | 588348 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 22101൩൪൩ Dt.27.03.22 | 245600 | 0 | 245600 |
| | ,, | 22101116 Dt.06.01.22 | 620000 | 0 | 620000 |
| | ,, | 22101144 Dt.14.02.22 | 249000 | 0 | 249000 |
| | ,, | 22101099 Dt.23.11.21 | 1678000 | 0 | 1678000 |
| | | ആകെ | 2792600 | | 2792600 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്

നഗരസഭയിലെ വായ്പകളുടെ ഫയലുകൾ, ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ. ഹഡ്കോ | സ.ഉ.(കൈ) 2278/ ത.സ്വ.ഭ.വ./ 18.08.2018 | 41800000 | 36226667 | 2786667 | 0 | 33440000 |

.നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും കണക്കുകൾ കൃത്യമാക്കി വാർഷിക കണക്കിലുൾപ്പെടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-1998 2000-01 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് | 2-5 2-13 2-15 | 2005-06 | 2.45.1 | പദ്ധതി നടത്തിപ്പിൽ 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) വിവിധ അപാകതകൾ | നിലനിൽക്കുന്നു |
| | 2-6 | 2005-06 | 2.45.2 | സിഎഫ് വിളക്കിന് സ്ഥാപനച്ചെലവ് | നിലനിൽക്കുന്നു |
| 1997-98 2000-2001 (ഓഡിറ്റ് റിപ്പോർട്ട്) | 2-10 | 2005-06 | 2.45.3 | ഇടയാറ-വല്ലകതോട് റോഡ് റീമെറ്റലിംഗ് ടാറിംഗ് അധിക നിരക്ക് നൽകിയത് | നിലനിൽക്കുന്നു |
| | 2-12 | 2005-06 | 2.45.4 | പള്ളിപ്പറമ്പ്-കീഴപടി റോഡ് അഭിവൃദ്ധി വേലമൂല്യം അധികരിച്ച് തുക നൽകി | നിലനിൽക്കുന്നു |
| | 2-14 | 2005-06 | 2.45.5 | സി എഫ് വിളക്കിന് ഉയർന്ന ക്വട്ടേഷൻ അംഗീകരിച്ചു. | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 15,46,14,094 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,50,90,465 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,08,11,763 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,91,60,541 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1&2) | - | 23176 | ശ്രീ മുഹ്സിൻ പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 1362 | ശ്രീ മുഹ്സിൻ പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 11220 | ശ്രീ മുഹ്സിൻ പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 9208 | ശ്രീ മുഹ്സിൻ പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 20210678 | 1) ശ്രീ. മുഹമ്മദ് ആരിഫ് ഖാൻ എം, സെക്രട്ടറി (തുക 1,18,80,678/-) (സെക്രട്ടറി 01.04.2020 മുതൽ 23.01.2021 വരെ)<br>2)ശ്രീ കൃഷ്ണരാജ്, സെക്രട്ടറി (തുക -83,30,000/-) |
| 3-6 | | 459154 | ശ്രീ മുഹ്സിൻ പി. എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 96965 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| ആകെ | - | 20811763 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,25,318 | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 35,096 | ശ്രീമതി സജിത ഡി, പട്ടികജാതി വികസന ഓഫീസർ |
| 1-26 | 1,28,790 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-28 | 13,41,819 | ഡോ. സുനിൽ ജെ ഇളന്താട്ട്, താലൂക്ക് ആശുപത്രി, പിറവം |
| 1-30 | 8,10,664 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-34 | 4,94,600 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-36 | 80,48,521 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-37 | 13,14,708 | ശ്രീ കൃഷ്ണരാജ്, സെക്രട്ടറി |
| 1-40 | 62,69,319 | ശ്രീ മുഹ്സിൻ പി. എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45 | 2,91,706 | ഡോ. എ വി കുമാരിലൈല,<br>ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 1,91,60,541 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് ആരിഫ്ഖാൻ എം,<br>സെക്രട്ടറി | സെക്രട്ടറി,<br>മൂവാറ്റുപുഴ നഗരസഭ | സബീന മൻസിൽ,<br>പുല്ലൂർകോണം, വിഴിഞ്ഞം |
| ശ്രീ.എൻ.പി.കൃഷ്ണരാജ്,<br>സെക്രട്ടറി | സെക്രട്ടറി, മരട് നഗരസഭ | സരസ് ഭവൻ, വെള്ളൂർ,<br>തിരുവനന്തപുരം |
| ശ്രീ മുഹ്സിൻ പി എം,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പിറവം | പലക്കൽ വീട്, വാരപ്പെട്ടി<br>പി ഒ |
| ശ്രീമതി സജിത ഡി,<br>പട്ടികജാതി വികസന<br>ഓഫീസർ | പട്ടികജാതി വികസന<br>ഓഫീസർ,<br>പാമ്പാക്കുട | തടത്തിൽ വീട്,<br>കമാരമംഗലം (പി.ഒ.),<br>തൊടുപുഴ |
| ഡോ. എ വി കുമാരിലൈല<br>ചീഫ് മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ചീഫ് മെഡിക്കൽ ഓഫീസർ,<br>ആയുർവേദം<br>പിറവം | അഭയം,<br>കാനക്കോട്<br>വെള്ളറട പി ഒ |
| ശ്രീമതി ശ്രീദേവി<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>മൂവാറ്റുപുഴ | ചിറക്കൽകുറുപ്പത്ത്,<br>തിരുവാണിയൂർ പി.ഒ. |
| ഡോ. സുനിൽ ജെ ഇളന്താട്ട്<br>സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി പിറവം | സൂപ്രണ്ട്,<br>താലൂക്ക് ആശുപത്രി പിറവം | ഇളന്താട്ട്<br>പുത്തൻകാവ് റോഡ്<br>കാലടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.2)1523/97/27.8.2000 |
| 1997-98 പദ്ധതി | എൽ.എഫ്.ഇ.(പി.2)98/05/24.11.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.2)1206/03/5.8.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.2)226/06/3.2.2007 |
| 2007-08 | എൽ.എഫ്.ഇ.(പി.1)1662/08/2.7.2009 |
| 2005-06 | എൽ.എഫ്.ഇ.(പി.1)285/10/10.3.2011 |
| 2006-07 | എൽ.എഫ്.ഇ.(പി.1)286/10/10.3.2011 |
| 2008-09 | എൽ.എഫ്.ഇ.(പി.1)287/10/10.3.2011 |
| 2009-10 | എൽ.എഫ്.ഇ.(പി.9)1839/10/10.3.2011 |
| 2010-11 | എൽ.എഫ്.ഇ.(പി.9)2136/11/1.12.2011 |
| 2011-12 | എൽ.എഫ്.ഇ.(പി.9)2252/13/28.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി9)172/2015 ,02.03.2015 |
| 2013-14 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി9)1191/2016-20.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം.1)55/2017 06.02.2017/15.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം.1)1777/17, തീയതി05.05.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം.1)9/19,തീയതി 15.03.2019 |
| 2018-19 | കെ.എസ്.എ.ഇകെഎം.നം.(എം.1)1955/2019/13.02.20 |
| 2019-20 | കെ എസ് എ ഇ കെ എം (എം 2)1075/22/20.07.2022 |
| 2020-21 | കെ എസ് എ ഇ കെ എം (എം 2)1406/22 /16.08.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിറവം മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്